ഈ നോട്ടീസുകളെല്ലാംതന്നെ മേൽനടപടികൈക്കൊള്ളുവാനായി ബന്ധപ്പെട്ട മന്ത്രിമാർക്ക് അയച്ചുകൊടുക്കുന്നതാണ്.

ശ്രീ. എൻ. കണപതി: സർ, தப்பான உத்தரம் கொடுத்ததைப்பற்றி ஒரு பிரிவிலேஜ் மோஷனுக எனக்கு பேசுவதற்கு சமயம் தரவேண்டும். ஒரு நிமிஷமாவது நியாயம் வழங்குவதற்காக சந்தர்ப்பம் அளிக்க கோருகிறேன்.

മി. സ്പീക്കർ: അതിനെക്കുറിച്ച് ഇപ്പോഴൊന്നുംതന്നെ സംസാരിക്കേണ്ട ആവശ്യമില്ല. എന്റെ ചേംബറിൽ വന്നാൽ അതിൽ പ്രിവിലേജ് ഉണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി നമുക്ക് സംസാരിക്കാവുന്നതാണ്. ഇപ്പോഴൊന്നുംതന്നെ പറയേണ്ട ആവശ്യമില്ല.

III. PAPERS LAID ON THE TABLE

Revenue Minister (**Smt. K. R. Gouri**): Sir, I lay on the Table a copy of the Notification G. O. (P) 264/69/Fin. dated 31st May 1969 issued by the Government under sub-section (1) of Section 2 of the Kerala Public Services Act, 1968 (19 of 1968) containing amendment to the Kerala Service Rules.

IV. LEGISLATIVE BUSINESS

The Kerala Agriculturist Debt Relief Bill, 1968

Revenue Minister: (**Smt. K. R. Gouri**): Sir, I present the Report of the Select Committe on the Kerala Agriculturists, Debt Relief Bill, 1963.

(i) The Kerala Stamp (Amendment) Bill, 1969

Revenue Minister (**Smt. K. R. Gouri**): Sir, I introduce the Kerala Stamp (Amendment) Bill, 1969.

Sir, I also lay on the Table a statement explaining the circumstances which have necessitated immediate legislation by an Ordinance.

Mr. Speaker: The Bill stands introduced.

Smt. K. R. Gouri: Sir, I move that the Bill may be taken into consideration.

Education Minister (**Shri C. H. Mohammed Koya**): I second it.

ശ്രീമതി കെ. ആർ. ഗൗരി: കഴിഞ്ഞ ബഡ്ജറ്റ് സെഷനിൽ ടാക്സേഷൻ മെഷർ എന്നുള്ളനിലയിൽ സ്റ്റാമ്പുഡ്യൂട്ടി ഏകീകരിക്കണമെന്നുള്ള നിലയിൽ നിയമസഭയിൽ ഇതു് അവതരിപ്പിച്ചിട്ടുള്ളതാണ്. ടാക്സേഷൻ എൻക്വയറി കമ്മിറ്റി ഇതിനെസ്സംബന്ധിച്ച് ചർച്ചചെയ്തതിനുശേഷം അവർ തന്നിട്ടുള്ള റിപ്പോർട്ട് അതേപടി അംഗീകരിച്ച് ഓർഡിനൻസായി പ്രസിദ്ധീകരിച്ച Ordinance ന ശേഷം Taxation enquiry committee exemption നെ സംബന്ധിച്ച റിപ്പോർട്ട് പരിഗണിക്കുകയും അവരുടെ ശുപാർശ അല്പ ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്, അവകൂടി ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കേരള സ്റ്റാമ്പ് അമൻറുമെൻറ് ബിൽ സെലക്ട് കമ്മിറ്റിക്ക് റഫർചെയ്യണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇതിനെ സംബന്ധിച്ചു കൂടുതലായിട്ടൊന്നുതന്നെ എനിക്ക് പറയുവാനില്ല. പ്രധാനമായി ഒന്നുരണ്ടുകാര്യങ്ങൾ മാത്രമേ പറയുവാനുള്ളൂ. സത്യവാങ്മൂലത്തെ സംബന്ധിച്ചിടത്തോളം അഞ്ചു രൂപ കോടതിയിലോ കോടതിയുമായി ബന്ധപ്പെട്ട ടൈബ്യൂണലിലോ സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കണമെന്നുണ്ടായിരുന്നതാണ് ഈ ഭേദഗതിമൂലം രണ്ടു രൂപയാക്കിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ഇതിനു ഒരു ഒഫിഷ്യൽ ഭേദഗതി ഗവണ്മെൻറിൽ നിന്നും കൊണ്ടുവന്നിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ആ ഭേദഗതി ഞാൻ കണ്ടില്ല. ഒരു കാര്യത്തിനു വേണ്ടി കോടതിയിൽ പോകുമ്പോൾ സാധാരണ രീതിയിൽ അനേകം പ്രാവശ്യം അവധിക്കു അപേക്ഷിക്കേണ്ടതായി വരും. അവധിക്കു അപേക്ഷിക്കുമ്പോഴെല്ലാം തന്നെ സ്റ്റാമ്പുഡ്യൂട്ടി കൊടുക്കണമെന്നു പറയുന്നതു ശരിയാണോ?

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോഴും അവധിക്കു അപേക്ഷിക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കുന്നുണ്ടല്ലോ?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഇപ്പോഴും സത്യവാങ്മൂലം കോടതിയിലോ മറ്റോ കൊടുക്കുന്നതിനു ഒരു പ്രൊസസ്സിന്റെ സ്റ്റാമ്പുഡ്യൂട്ടിയും കൊടുക്കേണ്ടാ, ഒരു വിധം പ്രാക്ടീസുള്ള ഒരു വക്കീലിനു തന്നെ ഒരു ദിവസം പത്തു പതിനഞ്ചു സത്യവാങ്മൂലം ഉണ്ടാകും. ഒരു അഫിഡവിറ്റു ഫാജരാക്കുന്നതിനു രണ്ടു രൂപ വേണമെന്നു പറഞ്ഞാൽ വളരെയധികം ക്ലേശം നാട്ടുകാർക്കു ഉണ്ടാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഒരു കോടതിയിൽ ഒരു കേസിനു നോട്ടീസുകൊടുത്താൽ ആ കേസിന്റെ പരിസമാപ്തിവരെ കുറഞ്ഞതു അൻപതു അഫിഡവിറെങ്കിലും കൊടുക്കേണ്ടിവരുമെന്നുള്ളതിൽ യാതൊരു അതിശയോക്തിയുമില്ല. അൻപതു അഫിഡവിറ്റു കൊടുക്കേണ്ടിവരികയാണെങ്കിൽതന്നെ അതിനു നൂറു രൂപയോളം ചെലവു വരുന്നു. ഇങ്ങനെയാണെങ്കിൽ ആളുകൾക്കു കോടതിയെ സമീപിക്കുന്നതിനു വളരെയധികം പ്രയാസമുണ്ടാകും. ഇപ്പോൾ ഉള്ളതു മാറിയിട്ടു പത്തോ പതിനഞ്ചോ പൈസവീതം ആക്കിയാലും തരക്കേടില്ലായിരുന്നുവെന്നാണ് എനിക്കു പറയുവാനുള്ളതു' ഈ ബിൽ ഇപ്പോൾ പാസ്സാക്കാതെ സെലക്ട് കമ്മിറ്റിക്കയക്കണമെന്നാണ് എനിക്കു' ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ അറിയിക്കുവാനുള്ളതു'.

ശ്രീ. കെ. എം. മാണി: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കേരള സ്റ്റാമ്പ് അമെൻറുമെൻറുബിൽ സെലക്ട്കമ്മിറ്റിയുടെ പരിശോധനക്കുവേണ്ടി അയയ്ക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളതു', ശ്രീ. ചന്ദ്രശേഖരൻനായർ അഭിപ്രായപ്പെട്ടതുപോലെ ഒരു സത്യവാങ്മൂലത്തിനു അഞ്ചു രൂപ സ്റ്റാമ്പുഡ്യൂട്ടി കൊടുക്കേണ്ടിവരുന്നതു കുറെ അധികമാണെന്നാണ് എന്റെയും അഭിപ്രായം. ഈ ബില്ലിന്റെ നാലാമത്തെ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്നതു നോക്കുക.

4.	Affidavit, including an affirmation or declaration in the case of persons by law allowed to affirm or declare instead of swearing:	Five Rupees Provided that an affidavit or declaration in writing when made for the immediate purpose of being filed or used in any court or before the officer of any court shall be chargeable with a duty of two rupees only.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഭേഗതി ബിൽ ഇവിടെ കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രിയെ പ്രേരിപ്പിച്ച തിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ സ്റ്റേറ്റുമെന്റ് ഓഫ് ഒബ്ജക്ട്സ് ആൻഡ് റീസൺസിൽ പറഞ്ഞിട്ടുണ്ട്, അതിൽ പറഞ്ഞിരിക്കുന്നത് ടാക്സേഷൻ എൻക്വയറി കമ്മിറ്റിയുടെ റിപ്പോർട്ടിനെ ആസ്പദമാക്കിയാണ് ഇതു കൊണ്ടുവന്നിരി ക്കുന്നതെന്നാണ്. ഇങ്ങനെയൊരു ഭേഗതി ഇവിടെ കൊണ്ടുവന്നതിൽ യാതൊരു യുക്തിയും ന്യായവും ഇല്ലെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണു. ഇതു് സത്യം, സത്യം, സത്യം എന്നു് മുന്നു് പ്രാവശ്യം എഴുതി ഒരു വക്കീലിനെ സാക്ഷ്യപ്പെടുത്തുന്ന സ്റ്റേറ്റുമെൻറാണു് സത്യവാങ്മൂലം. ഇങ്ങനെ മുന്നു പ്രാവശ്യം സത്യം എന്നു എഴുതിയ ഒരു സ്റ്റേറ്റുമെന്റു് ഫാജരാക്കുന്നതിനു് ഒരു പൈനാലിറ്റിയെന്നുള്ള നിലയ്ക്കു് സ്റ്റാമ്പു ഡ്യൂട്ടിയിൽ വർദ്ധനവു വരുത്തുന്നതു് ശരിയല്ല. ശ്രീ. ചന്ദ്രശേഖരൻനായർ സൂചിപ്പിച്ചതുപോലെ ഒരു കോടതിയിൽ റിസീവർ പെറ്റീഷനോ, കമ്മീഷനോ, ഇൻജംഗ്ഷനോ, പ്രമാണങ്ങളോ ഫാജരാക്കുന്നതിനു് പോലും കോടതിയിൽ അഫി ഡവിറ്റു ഫാജരാക്കുകയെന്നുള്ളതു് ഒരു പതിവാണു്. ഒരാൾ ഒരോ സത്യവാങ്മൂ മൂലത്തിനും രണ്ടു രൂപ വീതം കൊടുക്കുകയെന്നു പറഞ്ഞാൽ അതു് വളരെയധികം പ്രയാസമുള്ള ഒരു കാര്യമാണു്. തീർച്ചയായും ഈ വ്യവസ്ഥ എടുത്തുകളയേണ്ടതാ ണെന്നു് പറയാതിരിക്കാൻ നിർവാഹമില്ല. ഈ നിലയിൽതന്നെ പോകുകയാണെ ങ്കിൽ കോടതിയിൽ യാതൊരു നടപടിയും മുന്നോട്ടു നീങ്ങുകയില്ല. മാത്രമല്ല കോട തിയിൽ കേസ്സു കൊടുക്കുന്നതിനോ, കേസ്സു നടത്തുന്നതിനോ സാധാരണ ജനങ്ങൾക്കു് കഴിയാതെ പോകുകയും, അതിന്റെ ഫലമായി അവർക്കു് നീതി ലഭിക്കാതെ പോകു കയും ചെയ്യും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധപതിപ്പിക്കേണ്ടതാണു്. അനേകം തകരാറുകൾ, ഭേഗതിചെയ്യേണ്ട അനേകം വ്യവസ്ഥകൾ പുതിയതായി കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ ഉള്ളതുകൊണ്ടു് ഈ ബിൽ ധൃതഗതിയിൽ പാസാക്കി എടുക്കാതെ ഒരു സെലക്ടുകമ്മിറ്റിയെ നിശ്ചയിച്ചു് ആ സെലക്ടുകമ്മിറ്റിയുടെ പരിശോധനയ്ക്കുവേണ്ടി അയയ്ക്കണമെന്നുമാത്രമേ എനിക്കു് ഈ അവസരത്തിൽ പറയുവാനുള്ളൂ.

Shri. U. P. Kunikullaya: Sir, I am also of the view that on affidavits which are filed in Courts no stamp duty should be levied. Hundreds of affidavits have to be filed daily in the suits in civil courts such as petitions for adjournment, injunction, attachment, issue of Commissions, appointment of receivers etc. Already people are made to pay court fees on petitions which are usually to be accompanied by affidavits. If the clients are asked to pay stamp duty on affidavits also, it will amount to double taxation and it will affect the rich and the poor alike. Even now justice has become very costly to the people and poor people cannot go up in appeal to redress their grievances and get a finality of the decisions. Instead of making justice cheaper this provision will make it costlier.

Further even in criminal cases, to prove solvency of the sureties, affidavits of the sureties are insisted on. It is not always the rich that are the accused but hundreds of poor people will be branded as accused and if they are called upon to produce sureties—the minimum number of sureties is two —they will find it difficult to get sureties hereafter because they have no money to spend. Considering all these facts, with a view to making justice cheaper and not to enhance the cost to the parties, it is necessary that item 4 in the schedule under clause 6 of the Bill should be deleted.

There are several other anomalies also which will affect the poor rather than the rich. With regard to reconveyance of the mortgaged property the Bill proposes to enhance the stamp duty. Usually the mortgagors are poor

LIBRARY ARCHIVES Kerala Legislative Assembly

people who are forced to execute mortgages to borrow debts to discharge their liability. Even the execution of mortgage itself is costly under the existing provision. Now the bill proposes to make the reconveyance also costlier. That means the poor mortgagor will find it difficult to redeem his property and discharge his debts. Then what is the use of passing the Agriculturists Debt Relief Bill of which the Report of the Select Committee has been presented today. This will tantamount to the relief sought to be given by one hand being taken away by the other. Such and similar provisions which will affect the poor people has to be deleted. For this purpose, my submission is that this bill has to be referred to a Select Committee. After taking necessary evidence from the public, who are interested and who will be ultimately liable to be taxed under this Bill, this Bill can be modified and passed.

ശ്രീ. സി. എസ്സ്. നീലകണ്ഠൻനായർ: ഈ ബിൽ സെലക്ട്കമ്മറിക്കു് അയയ്ക്കണമെന്നുള്ള ശ്രീ. ചന്ദ്രശേഖരൻനായരുടെ അഭിപ്രായത്തോടു് ഞാൻ യോജിക്കുകയാണു്. ഒരു ആർഡിനൻസുകൊണ്ടു് ഈ ബില്ലിലെ വകുപ്പുകളും നടപ്പിലാക്കിയതുതന്നെ അത്ര ശരിയായ നടപടിയാണെന്നു എനിക്കു് അഭിപ്രായമില്ല. വളരെയധികം സാമ്പത്തികബാദ്ധ്യത ജനങ്ങൾക്കു് ഉണ്ടാകുന്ന ഒരു കാര്യമാണു് ഇതു്. കുറേ എക്സംപ്ഷൻസു് വിത്ഡ്രാചെയ്തു എന്നുള്ളതിന്റെ പേരിൽ ഉടൻ ആർഡിനൻസു് ഇറക്കുന്നതു് ശരിയായ നടപടിയല്ല. അതുകൊണ്ടു് വളരെ ക്ലേശകരമായി നിയമസഭയിൽ ചർച്ചചെയ്തമാത്രം തീരുമാനിക്കേണ്ട കാര്യങ്ങളാണു് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ശ്രീ. കുനിക്കല്ലയ്യ പറഞ്ഞതുപോലെ, മോർട്ടഗേജിന്റെ കാര്യത്തിലും, മറ്റും വളരെയധികം വ്യത്യാസങ്ങൾ ഇതിൽ വരുത്തിയിട്ടുണ്ടു്. തിരുവനന്തപുരം സിറ്റിയിലുള്ള ഒരാൾ വസ്തു വാങ്ങണമെങ്കിൽ വിലയാധാരത്തിൽ വരുന്ന തുക വളരെ കൂടുതലാണു്. ടാക്സേഷൻ എൻക്വയറി കമ്മറ്റി റാഷണലൈസേഷൻ എന്ന തത്വത്തിൻ പേരിൽ ഇതു് വർദ്ധിപ്പിക്കാൻ നടപടികളും സ്വീകരിച്ചതിൽ യഥാർത്ഥത്തിൽ യാതൊരു ന്യായീകരണവും കാണുന്നില്ല. അതുകൊണ്ടു് ഇതു് സെലക്ട്കമ്മറിയിൽ ക്ലേശകരമായി ചർച്ചചെയ്യണം. ഇത്തരം ഒരു നടപടി ആർഡിനൻസുമുഖം നടപ്പിൽ വരുത്തിയതുതന്നെ ശരിയല്ല. ഈ ബിൽ നിയമസഭയിലെ മെമ്പർമാർ ഉൾക്കൊള്ളുന്ന ഒരു സെലക്ട്കമ്മറിക്കുവിട്ടു് പരിശോധന നടത്തി ഏതെല്ലാം ഡ്യൂട്ടിയാണു് കുറയ്ക്കേണ്ടതു് ഏതെല്ലാം ഡ്യൂട്ടിയാണു് കൂട്ടേണ്ടതു് എന്നുള്ളകാര്യം തീരുമാനിക്കണം. മോർട്ടഗേജിന്റെ കാര്യത്തിലുള്ള എക്സംപ്ഷൻസു് എടുത്തുകളഞ്ഞിരിക്കുകയാണു്. ചില പരിതസ്ഥിതികളിൽ എക്സംപ്ഷൻ കൊടുക്കേണ്ടിവരും. ചില കക്ഷികളും ബോണ്ടു് എക്സിക്യൂട്ടു ചെയ്യുകയാണെങ്കിൽ അതിനു് എക്സംപ്ഷൻ ഇല്ല. ഗവണ്മെന്റു് ഒരാൾക്കു് എക്സംപ്ഷൻ കൊടുക്കുകയാണെങ്കിൽ അയാൾ പിന്നും ബോണ്ടു് എഴുതിവയ്ക്കേണ്ടിവരും. അതുകൊണ്ടു് ഇത്തരം കാര്യങ്ങളും ആലോചിക്കേണ്ടതുണ്ടു്. ഗവണ്മെന്റും കാപ്പുറേഷനും തമ്മിൽ നടക്കുന്ന ഇടപാടുകൾക്കു് എക്സംപ്ഷൻ കൊടുക്കേണ്ടിവരും. ആ കാര്യങ്ങളൊന്നും ഇതിൽ പറഞ്ഞിട്ടില്ല. ഇതു് സാധാരണക്കാരായ എല്ലാ ആളുകളേയും ബാധിക്കുന്ന ഒരു കാര്യമായതുകൊണ്ടു് പല ബുദ്ധിമുട്ടുകളും ഉണ്ടാകും. വിലയാധാരങ്ങൾക്കു് പണ്ടു് ഒരു സ്റ്റാമ്പ് സിസ്റ്റമുണ്ടായിരുന്നു. അതു് എടുത്തുകളഞ്ഞിട്ടു് ഇപ്പോൾ എല്ലാറ്റിനും ഒരു തുക നിശ്ചയിച്ചിരിക്കുകയാണു്. ഇതുമൂലം ആധാരം നടത്തുന്നവർ വലിയൊരു തുക യാണു് ഒടുക്കേണ്ടിവരുന്നതു്. അഞ്ചു് സെന്റു് സ്ഥലം വാങ്ങുന്ന ഒരാൾപോലും വലിയൊരുതുക ചെലവാക്കേണ്ടിവരും. അതുകൊണ്ടു് സെലക്ട്കമ്മറി ഈ കാര്യങ്ങളെല്ലാം ക്ലേശകരമായി ചർച്ചചെയ്തു വേണ്ട മാറ്റങ്ങളും വരുത്തിയശേഷമേ ഈ ബിൽ പാസ്സാക്കാവൂ. എനിക്കു് ഇത്രമാത്രമേപറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഈ അമെൻറുമെൻറ് ബിൽ ആഡിനൻസ് റീപ്ലേസ് ചെയ്യാനുള്ളതാണ്. ഇത് എത്രയുംവേഗം പാസ്സാക്കേണ്ടതാണ്; സമയപരിധിക്കുള്ളിൽത്തന്നെ പാസ്സാക്കേണ്ടതാണെന്നുള്ള അഭിപ്രായത്തെ മാനിച്ചു കൊണ്ടുതന്നെ എനിക്കു പറയാനുള്ളത്, ഇതിലെ വ്യവസ്ഥകളും കുലങ്കഷമായ പരിശോധനയ്ക്കു വിധേയമാക്കണമെന്നാണ്. കാരണം ഇതിന്റെ ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ ടാക്സേഷൻ എൻക്വയറി കമ്മറ്റി സ്റ്റാമ്പ് ഡ്യൂട്ടിയെ സംബന്ധിച്ചിടത്തോളം റാഷണലൈസേഷനു വച്ചിട്ടുള്ള നിർദ്ദേശങ്ങളും നടപ്പാക്കുന്നതിനുവേണ്ടി മാത്രമാണ് ഈ നിയമനിർമ്മാണമെന്നു പറയുന്നുണ്ടെങ്കിൽത്തന്നെയും റാഷണലൈസേഷനുവേണ്ടി ടാക്സേഷൻ എൻക്വയറി കമ്മറ്റി വച്ചിരിക്കുന്ന നിർദ്ദേശങ്ങളും സമഗ്രമാണ്. ആ ടാക്സേഷൻ എൻക്വയറി കമ്മറ്റിയുടെ അഭിപ്രായങ്ങൾക്കു് അർഹിക്കുന്ന വില കല്പിക്കേണ്ടതാണെങ്കിലും അതു് കൂടുതൽ പരിശോധന അർഹിക്കുന്നുണ്ട്. ഇതു് വെറും റാഷണലൈസേഷൻ അല്ല. റാഷണലൈസേഷൻ എന്നു പറയുമ്പോൾ 30, 50 പൈസയുടെ ഇപ്പോഴുള്ള നിരക്കു് മാറ്റുകയാണെന്നു തോന്നും. പക്ഷേ ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഷെഡ്യൂളിലെ ഓരോ ഐറ്റവും പരിശോധിച്ചാൽ നിലവിലിരിക്കുന്ന ആക്ടിൽനിന്നും വളരെയധികം വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടെന്നു കാണാൻ സാധിക്കും. പ്രത്യേകിച്ചു് മുൻപു് ആനുകൂല്യങ്ങൾ കിട്ടിയിരുന്ന വമ്പരെയധികം വിഭാഗത്തിന്റെ ആനുകൂല്യങ്ങൾ എടുത്തുകളഞ്ഞിട്ടുണ്ട്. പ്രത്യക്ഷത്തിൽ വലിയ മാറ്റമില്ലെന്നു തോന്നാമെങ്കിലും വമ്പിച്ച പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന വകുപ്പുകൾ ഇതിലുണ്ട്. അതുകൊണ്ടു് ഇതിന്റെ വിശദാംശങ്ങളിലേക്കു് കടക്കുന്നതിനു മുൻപു് എനിക്കു പറയാനുള്ളതു്, ഈ ബിൽ കുലങ്കഷമായ ഒരു പരിശോധനയ്ക്കു വിധേയമാക്കുന്നതിനുവേണ്ടി ഇപ്പോഴത്തെ സമയപരിധിക്കുള്ളിൽനിന്നുകൊണ്ടു് സെലക്ട്കമ്മറ്റിക്കു് വിടാൻ കഴിയുമോ ഇല്ലയോ എന്നുള്ളതു് ഗവണ്മെൻറ് പരിശോധിക്കണമെന്നാണ്. ഇതു് സെലക്ട്കമ്മറ്റിക്കു് വിടാൻ കഴിയുകയില്ല, അതിനു സമയമില്ല എന്നു തോന്നുന്നപക്ഷം, ഏറ്റവും ന്യായമായ കാര്യങ്ങളിൽ എങ്കിലും വേണ്ട ഭേദഗതികളും കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നാണ് എനിക്കു് ചൂണ്ടിക്കാണിക്കാനുള്ളതു്. അതിനുവേണ്ടി ഞാൻ ഇതിന്റെ വകുപ്പുകളിലേക്കു് അല്പം ഒന്നു കടന്നു സംസാരിക്കുവാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നീതിന്യായനിർവ്വഹണത്തിൽ പ്രത്യേകിച്ചും സിവിൽ കോടതികളിലേയും, മൈബൂണലുകളിലേയും നടപടികളെടുത്തു നോക്കുകയാണെങ്കിൽ ഒരു ദിവസം ഒരു കേസിൽത്തന്നെ ഏറ്റവും കുറഞ്ഞതു് മൂന്നു നാലഞ്ചു അഫിഡവിറ്റുകളെങ്കിലും ഫയൽ ചെയ്യേണ്ടി വരുന്നതു കാണാൻ സാധിക്കും. കാരണം എല്ലാ കാര്യങ്ങൾക്കും സിവിൽ പ്രൊസീഡിയർ കോഡ് അപ്പൈ ചെയ്യുമെന്നാണ് പറയുന്നതു്. സിവിൽ പ്രൊസീഡിയർ കോഡിലെ ആക്ടനുസരിച്ചു് ഹർജികളും, ആ ഹർജികളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും സത്യമാണെന്നു സത്യവാങ്മൂലവും അതോടൊപ്പം ഹാജരാക്കണം. വളരെയധികം പ്രാക്ടീസില്ലാത്ത വക്കീലന്മാരുടെ ആഫീസിൽ പോയി നോക്കിയാലും ഏറ്റവും കുറഞ്ഞതു് പത്തിരുപതു സത്യവാങ്മൂലമെങ്കിലും എഴുതി കോടതിയിൽ സമർപ്പിക്കാൻ വച്ചിരിക്കുന്നതു കാണാം. കോടതിയിൽ സമർപ്പിക്കുന്ന സത്യവാങ്മൂലത്തെ സംബന്ധിച്ചിടത്തോളം നിലവിലിരിക്കുന്ന നിയമത്തിൽ എക്സംപ്ഷൻ കൊടുത്തിട്ടുണ്ട്. നിലവിലിരിക്കുന്ന നിയമത്തിലെ വ്യവസ്ഥ ഞാൻ വായിക്കാം.

Affidavit including an affirmation or declaration in the case of persons by law allowed to affirm or declare instead of swearing:

Exemptions:—Affidavit or declaration in writing when made:—(a) As a condition of enlistment under the Army Act, 1950 (Central Act 46 of 1950) (b) For the immediate purpose of being filed or used in any court or before the Officer of any Court; or (c) For the sole purpose of enabling any person to receive any pension or charitable allowance.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ആ എക്സംപ്ഷൻ എടുത്തു കളഞ്ഞിരിക്കുകയാണു്. അതുപോലെതന്നെ അഫിഡവിറിന്റെ ഫീസു് നാലര എന്നുള്ളതു് അഞ്ചാക്കി വർദ്ധിപ്പിച്ചിരിക്കുന്നു. അതുപോലെതന്നെ കോടതിയിൽ ഹർജിയോടൊപ്പം കൊടുക്കുന്ന സത്യവാങ്മൂലത്തിനും രണ്ടു രൂപയുടെ സ്റ്റാമ്പു് ഒട്ടിച്ചിരിക്കണമെന്നു് ഈ ബില്ലിൽ പറയുന്നുണ്ടു്. ഇതു് ഒരു ചെറിയ മാറ്റമല്ല. വലിയൊരു മാറ്റമാണു്. കേസുകൾ നടത്തുന്ന കക്ഷികളെ സംബന്ധിച്ചിടത്തോളം ഇന്നു് ആവശ്യമായി വരുന്ന തുകയേക്കാൾ ഓരോ അവധിക്കും മാസം കുറഞ്ഞതു് എട്ടുപത്തു രൂപയെങ്കിലും കൂടുതലായി അനേഷിക്കേണ്ട സ്ഥിതിവിശേഷം വരും. ഇതു് റാഷണലൈസേഷന്റെ പേരിൽ നടപ്പാക്കുക എന്നു പറഞ്ഞാൽ വളരെയധികം ബുദ്ധിമുട്ടു് ഉണ്ടാക്കുന്ന ഒരു കാര്യമാണു്. തീച്ചയായും ഇതു് അഭിഭാഷകരേയും സാരമായ നിലയിൽ ബാധിക്കും. കക്ഷികൾക്കു് പെലവാക്കാൻ കഴിയുന്ന സ്റ്റെൻഡിംഗു് കപ്പാസിറ്റിയെ ബാധിക്കുന്ന ഒരു പ്രശ്നമായതുകൊണ്ടു് തീച്ചയായും ഇതു് അഭിഭാഷകരേയും ബാധിക്കും.

അതുപോലെതന്നെ എനിക്കു് ഇക്കാര്യത്തിൽ ഒരു കാര്യം ചൂണ്ടിക്കാണിക്കാനുണ്ടു്. നമ്മൾ ഇന്നു് ഭൂപരിഷ്കരണ ഭേദഗതി നിയമം പാസ്സാക്കി നടപ്പിലാക്കാൻ പോവുകയാണു്. ഭൂപരിഷ്കരണ ഭേദഗതി നിയമത്തിൽ കുടിയാന്മാർക്കും കുടികിടപ്പുകാർക്കും പാവപ്പെട്ട ഭൂവുടമകൾക്കും ആനുകൂല്യം നൽകിക്കൊണ്ടു് വ്യവസ്ഥകളും ഉൾപ്പെടുത്തിയിരിക്കുകയാണു്. ഈ വ്യവസ്ഥപ്രകാരമുള്ള ആനുകൂല്യങ്ങൾ കിട്ടണമെങ്കിൽ അവർക്കു് ഹർജി സമർപ്പിക്കേണ്ടതുണ്ടു്. അതിനു് ഒന്നും രണ്ടും മൂന്നും അഫിഡവിറും ഫയൽ ചെയ്യേണ്ടി വരും. ഓരോന്നിനും രണ്ടു രൂപ വീതം സ്റ്റാമ്പു് ഡ്യൂട്ടി അടയ്ക്കേണ്ട സ്ഥിതി വരികയാണെങ്കിൽ വളരെ പ്രയാസമാണു്. സിവിൽ കോടതിയിൽനിന്നു, പാട്ടക്കുടിശ്ശിഖയുടെ കാര്യത്തിലും കുടികിടപ്പവകാശത്തിന്റെ കാര്യത്തിലും ഉള്ള എല്ലാ നടപടികളും ലാൻഡ് ട്രൈബ്യൂണലിലേക്കു മാറ്റാൻ ഭൂപരിഷ്കരണ ബില്ലിൽ നിർദ്ദേശിച്ചിരിക്കുകയാണു്. അതു വളരെ നല്ലതാണു്. സിവിൽ കോടതിയിൽപോയി കോർട്ടുഫീസു് അടയ്ക്കേണ്ടി വരിക എന്നതു് കുടിയാനും കുടികിടപ്പുകാരനും ഉണ്ടാകരുതെന്നുവച്ചാണു് ഇങ്ങനെ നിർദ്ദേശിച്ചിരിക്കുന്നതു്. കടക്കുടിശ്ശികയ്ക്കു് കേസു കൊടുക്കുമ്പോഴും വാദി, ജന്മിയാണു് കോർട്ടുഫീസു് അടയ്ക്കുന്നതെങ്കിലും അവസാനം അതു് കുടിക്കാരൻ കോടതിച്ചെലവായി അടയ്ക്കേണ്ടി വരും. നിലവിലുള്ള ഭൂപരിഷ്കരണ ആക്ടനുസരിച്ചു് 500 രൂപ വരെയുള്ളതിനു് ട്രൈബ്യൂണലിൽ കേസു കൊടുക്കാമെന്ന വ്യവസ്ഥയുണ്ടു്. ഇങ്ങനെ വച്ചിരിക്കുന്നതു് കോർട്ടുഫീസായി അടയ്ക്കേണ്ട തുക കൂടിയാനു് കോടതിച്ചെലവായി അടയ്ക്കേണ്ടി വരുമെന്നു വച്ചാണു്.

[Dy. Speaker in the Chair]

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ലാൻഡു് ട്രൈബ്യൂണലിനെ സംബന്ധിച്ചു് ഭേദഗതി വരുന്നുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ലാൻഡു് ട്രിബ്യൂണലും ലാൻഡു് ബോഡും രണ്ടും ഉൾപ്പെടുത്തിക്കൊണ്ടു് ഞാൻ പറഞ്ഞ ഭേദഗതി കൊടുത്തിട്ടുണ്ടു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഞാൻ ആ ഭേദഗതിയെ അനുകൂലിക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ലാൻഡു് ട്രിബ്യൂണലിനെ എക്സംപ്റ്റു ചെയ്യാൻ മതിയോ; 50 രൂപയുടെ പ്രോമിസറി നോട്ടിനു് എത്ര രൂപ കോർട്ടുഫീസു് അടയ്ക്കേണ്ടിവരും. ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി ബി. ചന്ദ്രശേഖരവാര്യർ: അതുകൊണ്ടാണു് ഞാൻ ഇതിനെ അനുകൂലിക്കുന്നതു്. ഇങ്ങനെയുള്ള കേസുകളുള്ളതുകൊണ്ടു് തീച്ച്യായും ലാൻഡ് ട്രൈബ്യൂണലിനേയും ലാൻഡ് ബോർഡിനേയും മുമ്പിലുള്ള കേസുകളെ സംബന്ധിച്ചിടത്തോളം വ്യത്യാസമുണ്ടാകില്ല. പക്ഷേ അതുകൊണ്ടുമാത്രം ഈ പ്രശ്നത്തിന്റെ ഗൗരവം കുറയുന്നില്ല എന്നുള്ളതാണു് എന്റെ അഭിപ്രായം. ലാൻഡ് ട്രൈബ്യൂണലിലും ലാൻഡ് ബോർഡിലുമുള്ള പൊറീഷനകൗണ്ടുകൾ ഈ സൗജന്യം കിട്ടുന്നതുകൊണ്ടു് ലാൻഡ് റിഫോംസ് ആക്ടനുസരിച്ചുള്ള ആനുകൂല്യങ്ങളും കൂടിയാവശ്യക്കാർക്കും കൂടിക്കിടപ്പുകാർക്കും കിട്ടും. പക്ഷേ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻനായർ ചൂണ്ടിക്കാണിച്ചതുപോലെ 50 രൂപ കടം കിട്ടാനുള്ളതു് ഈടാക്കാൻവേണ്ടി ഒരു സ്മാൾ കോസ് സൂട്ട് കൊടുത്തുകഴിഞ്ഞാൽ 50 രൂപയാണു് കടക്കാരൻ കൊടുക്കാനുള്ളതു്. ഇതു് വിധി നടത്തി ഈടാക്കുന്നതിനകം ഏറെ വൈകുന്നതു് ഒരു 50 അഫിഡവിറെങ്കിലും ഫയൽ ചെയ്തിരിക്കും. 50 രൂപയ്ക്കു് വിധി കിട്ടണമെങ്കിൽ കോർട്ട് ഫീസിനത്തിൽത്തന്നെ 100 രൂപ കോടതി ചെലവായി ചുമത്തപ്പെടും. അതായതു് വിധി ഉടമസ്ഥൻ അല്ലെങ്കിൽ കടം കിട്ടാനുള്ള ആളാണു് സ്റ്റാമ്പു ഡ്യൂട്ടി ഒടുക്കുന്നതെങ്കിലും യഥാർത്ഥത്തിൽ കോടതിച്ചെലവു് കടക്കാരനായ ആളാണു് കൊടുക്കേണ്ടതു്. ഈ രീതിയിൽ സ്മാൾ കോസ് സൂട്ടെങ്കിലും ഏറെവും കുറഞ്ഞതു് ഒഴിവാക്കി കിട്ടണം. എന്റെ വ്യക്തിപരമായ അഭിപ്രായമാണെങ്കിൽ സ്മാൾ കോസ് സൂട്ടും മാത്രമല്ല നേരത്തെ എക്സംപ്ഷൻ ഉള്ള കാര്യത്തിലെല്ലാം അതുപോലെതന്നെ നിലനിറുത്തണമെന്നാണു്. നേരത്തെയുള്ള എക്സംപ്ഷൻ അതുപോലെ നിലനിറുത്തുന്നതിനു് ബുദ്ധിമുട്ടുള്ളപക്ഷം സ്മാൾ കോസ് സൂട്ടെങ്കിലും അഫിഡവിറിന്റെ ഫീസിൽനിന്നും ഒഴിവാക്കണം. ഇതാണു് എനിക്കു ചൂണ്ടിക്കാണിക്കാനുള്ളതു്.

ശ്രീ. കെ. എം. മാണി: സ്മാൾ കോസ് സൂട്ടിലെ കക്ഷികളെ മാത്രമേ പാവപ്പെട്ടവരായി ഉള്ളൂ എന്നാണോ പറയുന്നതു്. അല്ലാതെയും പാവപ്പെട്ടവരുണ്ടു്. അങ്ങനെയുള്ള എല്ലാവരേയും ഒഴിവാക്കേണ്ടതല്ലേ ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: എന്റെ അഭിപ്രായം എല്ലാ സൂട്ടിന്റെ കാര്യത്തിലും ഒഴിവാക്കണമെന്നാണു്. നേരത്തെയുള്ളതു് അതുപോലെതന്നെ നിലനിറുത്തണമെന്നാണു് എന്റെ അഭിപ്രായം. 50 രൂപ കടമായിരുന്നാലും അൻപതിനായിരം രൂപ കടമായിരുന്നാലും അഫിഡവിറിന്റെ എണ്ണം കുറയുകയില്ല. അവസാനം നാലയ്ക്കാശു കൂടുതൽ അഫിഡവിറു വരും. അതുകൊണ്ടു് പ്രത്യേകമായി ചൂണ്ടിക്കാണിച്ചതാണു്.

Shri U. P. Kunikullaya: What about the rent suits ?

Shri C. B. Chandrasekhara Warrier: By this amendment all the proceedings before the Land Tribunal and the Land Board are exempted. According to the proposed amendment of the Land Reforms Act all the rent suits are to come before the Land Tribunal. So actually those rent suits will get exemption. What I am arguing is that the exemption which was in the previous Act should be continued as such.

Shri. G. Gopinathan Pillai: If money is charged on property..... അതിന്റെ കഴപ്പം വരുകില്ലേ ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഇതൊക്കെ എന്റെ വാദഗതിക്കനുകൂലമായ ചോദ്യങ്ങളാണു്. ഷെഡ്യൂളിലെ ഫൈനം 10 Articles of association of a Company ഇതിൽ നേരത്തെയുള്ള ആക്ടിൽ നിലനിന്നിരുന്ന എക്സംപ്ഷൻ എടുത്തുകളഞ്ഞിരിക്കുകയാണു്. നേരത്തെയുള്ള ആട്ടിക്കിളിലെ എക്സംപ്ഷൻ എന്നു പറയ

LIBRARY ARCHIVES Kerala Legislative Assembly

ന്നതു" Articles of any association not formed for profit and registered under Section 25 of the Companies Act 1956 (Central Act 1 of 1956) ഇതാണു". വാസ്തവത്തിൽ ഈ എക്സംപ്ഷൻ കൊടുക്കുന്നതു" ന്യായമായ കാരണം കൊണ്ടാണു". കമ്പനീസ" ആക്ടനുസരിച്ചു" സാമൂഹ്യപ്രവർത്തനങ്ങൾക്കുവേണ്ടി സംഘടിപ്പിക്കുകയും രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്യുന്ന കമ്പനികൾ ഉണ്ടു". ഇങ്ങനെയുള്ള കമ്പനികളെ സ്റ്റാമ്പു ഡ്യൂട്ടിയിൽനിന്നും എക്സംപ്റ്റു ചെയ്യുക എന്നതാണു" ഐറ്റം 10. Articles of any association not formed for profit and registered under Section 25 of the Companies Act 1956 പറയുമ്പോൾ ചില പ്രാധാന്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞെക്കാം ഇങ്ങനെയുള്ള അർഹിക്കുന്ന കാര്യങ്ങൾ എക്സംപ്റ്റു ചെയ്യാൻ ഇപ്പോഴും ഗവണ്മെൻറിനു" പ്രിറോഗേറ്റീവു" പവ്വേഴ്സു" ഉണ്ടെന്നു", എന്നിരുന്നാലും പറയുന്നുള്ളതു" നേരത്തെയുള്ള ഡിസ്ക്രീഷനറി പവ്വേഴ്സു" ഉണ്ടെന്നിരിക്കിലും എക്സംപ്റ്റു ചെയ്യുന്നതിനെപ്പറ്റിയുള്ള ചോദ്യങ്ങൾവരുകയും, അനാവശ്യമായി കറപ്ഷൻ നടന്നിട്ടുണ്ടെന്നുള്ള അഭിപ്രായം വരുകയും ചെയ്യും.

ശ്രീമതി കെ. ആർ. ഗൗരി: മേം 30 പ്രകാരമല്ലാതെ ഗവണ്മെൻറു" ആർക്കും എക്സംപ്ഷൻ കൊടുത്തിട്ടില്ല.

ശ്രീ. സി ബി. ചന്ദ്രശേഖരവാര്യർ: റവന്യു ഡിപ്പാർട്ടുമെൻറു" എക്സംപ്റ്റു ചെയ്തു കൊടുത്തതായി ഞാൻ പറഞ്ഞില്ല. ഗവണ്മെൻറിനെ പൊതുവെയാണു" പറഞ്ഞതു".

ശ്രീമതി കെ. ആർ. ഗൗരി: ഈ സെക്ഷൻ ഉപയോഗിക്കുകയാണെങ്കിൽ ഈ ഡിപ്പാർട്ടുമെൻറിനെ ഉപയോഗിക്കാൻ പറ്റുകയുള്ളൂ. പ്രത്യേകമായി ചില വ്യക്തികൾക്കും" എക്സംപ്ഷൻ കൊടുത്തിട്ടില്ല. പിന്നെ ഈ സെക്ഷൻ സാധാരണ പ്രൊവിറ്റു" പാർട്ടീസു" ഉപയോഗിച്ചിട്ടുണ്ടോ എന്നറിവില്ല.

ശ്രീ. സി. ബി ചന്ദ്രശേഖരവാര്യർ: അങ്ങനെ റവന്യു ഡിപ്പാർട്ടുമെൻറു" സെക്ഷൻ 30 ഉപയോഗിച്ചു" എക്സംപ്റ്റു ചെയ്തിട്ടില്ല. ഇവിടെ വന്ന ഉത്തരങ്ങളിൽനിന്നും ചച്ചകളിൽനിന്നുമെല്ലാം ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞതു" ഗവണ്മെൻറു" ചില വകുപ്പുകൾ സ്റ്റാമ്പു ഡ്യൂട്ടിയിൽനിന്നും എക്സംപ്റ്റുചെയ്തു കൊടുത്തിട്ടുണ്ടെന്നാണു". അങ്ങനെ കൊടുത്തുകഴിഞ്ഞു" ഏതാനും മാസങ്ങൾ കഴിഞ്ഞു" മന്ത്രിസഭയിൽ കൊണ്ടുവന്നു" റാറ്റിഫൈ ചെയ്തു വാങ്ങിച്ചിട്ടുണ്ടു". ഇതാണു" ഞങ്ങൾക്കുകിട്ടിയ മറുപടി. അതുകൊണ്ടു" ഏതെങ്കിലും വകുപ്പുകൾ നടത്തുന്നില്ല എന്നു പറഞ്ഞാൽ അതിനോടു യോജിക്കാൻ നിവൃത്തിയില്ല. ഞാൻ ഇതിനെപ്പറ്റി കൂടുതലൊന്നും പറയുന്നില്ല.

ശ്രീ. കെ. കരുണാകരൻ: ഇപ്പോഴും കറപ്ഷൻ കാണിച്ചിട്ടില്ലെന്നതുകൊണ്ടു" നാളെ കറപ്ഷൻ കാണിക്കാൻ പാടില്ലെന്നില്ലല്ലോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഞാൻ പറഞ്ഞതും അതാണു". ഇത്രമാതിരിയുള്ള കേസുകളിൽ ജനറൽ റീസൺ ഉള്ളപ്പോൾ എക്സംപ്ഷൻ നിലനില്ക്കുക എന്നതാണു" എൻറെ വ്യക്തിപരമായ അഭിപ്രായം. ഇതിനെസംബന്ധിച്ചു" ടാക്സേഷൻ എൻക്വയറി കമ്മീഷൻ എന്താണു" പറഞ്ഞിരിക്കുന്നതെന്നു" വായിച്ചാൽ മന്ത്രിക്കു" മനസ്സിലാക്കാൻ സാധിക്കും.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഇന്നു നിലവിലിരിക്കുന്ന വകുപ്പു" 9 വായിക്കാം.

9. Power to reduce, remit or compound duties: (1) The Government may by order publish in the Gazette:

LIBRARY ARCHIVES Kerala Legislative Assembly

(a) reduce or remit whether prospectively or retrospectively in the whole or any part of the State of Kerala, if in the opinion of the Government it is necessary in public interest as to do the duties which any par icular class of instruments or any of the instruments belonging to such class or any instruments when executed by or in favour of any particular class or persons, or by or in favour of any members of such class, are chargeable; and

(b) provide for the composition or consolidation of duties in the case of issues by any incorporated Company or other body corporate all bonds or other marketable securities other than debentures.

(2) Every rule or order published under clause (a) of sub-section (1) shall be laid as soon as may be after it is published, before the Legislative Assembly.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഇതു് ജനറലായിട്ടു് എക്സംഷൻ കൊടുക്കാനുള്ള ക്ലാസ് ആണു്. ഞാൻ പറഞ്ഞതു് ഗവണ്മെൻറിനു് എക്സംപ്ഷൻ കൊടുക്കാനുള്ള പവ്വേഴ്സ് ഉണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പറ്റിയല്ല. അതിനെക്കുറിച്ചു് തർക്കവുമില്ല. എന്റെ അഭിപ്രായത്തിൽ ഈ രീതിയിലുള്ള എക്സംപ്ഷൻ ഷെഡ്യൂൾ ഐറ്റം 10—ൽ ഉണ്ടായിരുന്ന എക്സംപ്ഷൻ നിലനിറുത്തുകയാണു്. അതുകൊണ്ടു് അപകടമൊന്നും ഉണ്ടാകാനില്ല. ഇതു് നിലനിറുത്തണ്ടതു് ആവശ്യമാണെന്നാണു് എന്റെ അഭിപ്രായം. അതുപോലെ ഐറ്റം 22 copy or extract അതിൽ exemption (b) യിൽ

(b) Copy of, or extract from, any register relating to births, baptisms, namings, dedications, marriages, divorces deaths or burials. എന്നു കാണുന്നു.

ജനന രജിസ്ട്രേഷന്റെ കോപ്പിക്കു് സ്റ്റാമ്പ ഡ്യൂട്ടി കൊടുക്കേണ്ടതു് ആവശ്യമാണോ എന്നു് ഗവണ്മെൻറു് പരിശോധിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. ജനന രജിസ്ട്രേഷനും മറ്റും കോപ്പി എടുക്കേണ്ടി വരിക സ്കൂളിൽ പോകാൻ കഴിവില്ലാത്ത ആളുകൾക്കാണു്. എസ്. എസ്. എൽ. സി. വരെ പഠിച്ചിട്ടുള്ളവർക്കാണെങ്കിൽ ബെർത് രജിസ്ററർറിന്റെ കോപ്പി എടുക്കേണ്ടി വരികയില്ല. സർട്ടിഫിക്കാറിൽതന്നെ ജനനത്തീയതി കാണും. തീർച്ചയായും ഇങ്ങനെ ഒരു കോപ്പി എടുക്കേണ്ടി വരുന്നതു് സ്കൂളുകളിൽപോയി പഠിക്കാത്ത ആളുകൾക്കായിരിക്കും. അവരുടെ ജനനത്തീയതി തെളിയിക്കുന്നതിനു് ബെർത് രജിസ്ട്രേഷന്റെ കോപ്പി എടുക്കേണ്ടിവരും. ഇപ്പോഴും ഇല്ലാതിരിക്കുന്ന ഫീസ് ഇതിനു ചുമത്തുന്നതു് ന്യായമാണോ എന്നു പരിശോധിക്കണം.

പുതിയ ബില്ലിൽ ഷെഡ്യൂളിൽ സിരിയൽ നമ്പർ 24—ൽ Counterpart or duplicate of any instrument chargeable with duty and in respect of which the proper duty has been paid—എന്നു കാണുന്നു. ഇതിനു് പഴയ ആക്ടിൽ എക്സംപ്ഷൻ ഉണ്ടായിരുന്നു.

Exemption:—Counterpart of any lease granted to a cultivator, when such lease is exempted from duty. ഈ എക്സംപ്ഷൻ നിലനിറുത്തണം. ഇതു് കുടിയാനെയും പാട്ടകൃഷിക്കാരെയും ബാധിക്കുന്നതാണു്, ഇതുപോലുള്ള ആളുകൾക്കു കിട്ടുന്നതാണു് നടപ്പു പാട്ടമെന്നു പറയുന്നതു്. അതിനു് സ്റ്റാമ്പ ഡ്യൂട്ടി ആവശ്യമില്ല, അതു് ആവശ്യമുണ്ടെന്നു വരുന്ന രീതിയിലുള്ള എക്സംപ്ഷൻ എടുത്തുകളയുന്നതു് ശരിയായിരിക്കുകയില്ല. പ്രത്യേകിച്ചു് കുടിയാനെ ബാധിക്കുന്നതാണെന്നാണു് എനിക്കു ബഹുമാനപ്പെട്ട മന്ത്രിയെ ചൂണ്ടിക്കാണിക്കാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഐറ്റം 32 (എ) ഇപ്പോഴത്തെ നിയമത്തിലെ വ്യവസ്ഥ ഇതാണ്.

Exemptions:—(a) Lease executed in the case of a cultivator and for the purposes of cultivation (including a lease of trees for the production of food or drink), without the payment of delivery or any fine or premium, when a definite term is expressed and such terms does not exceed one year, or when the average annual rent reserved does not exceed one hundred rupees.

ഇതും കൃഷിക്കാർക്ക് കൊടുക്കുന്ന പാട്ടയാധാരങ്ങളെ ബന്ധിക്കുന്ന എക്സംപ്ഷൻ ആണ്. ആ എക്സംപ്ഷൻ ഈ ബില്ലിൽ എടുത്തുകളഞ്ഞിരിക്കുന്നതു് എന്താണെന്നു് തീർച്ചയായും ടാക്സേഷൻ എൻക്വയറിക്കമ്മിറ്റി റിപ്പോർട്ട് വായിച്ചാലും മനസ്സിലാക്കാൻ പ്രയാസമാണ്. ഐറ്റം 33 റി കൺസിഡർ ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഐറ്റം 33 ഐറ്റം 10-ന്റെ "Articles of association of a company"—കോംപ്രിഹെൻസിവിയാണ്. അതുകൊണ്ടു് എക്സംപ്ഷൻ നിലനിർത്തണം. അതു് എടുത്തുകളഞ്ഞിരിക്കുന്നതു് ഞാൻ മുമ്പു പറഞ്ഞ കാരണങ്ങളാൽതന്നെ കൃഷിക്കാരനു് ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്നു് ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. ഐറ്റം 53 സറണ്ടർ ഓഫ് ലീസസിനെ ബാധിക്കുന്നതാണ്. സറണ്ടർ ഓഫ് ലീസസിനു് എക്സംപ്ഷൻ നിലവിലുള്ള ആക്ടിൽ ഉണ്ടു്. ആ എക്സംപ്ഷൻ ഇതിൽ എടുത്തുകളഞ്ഞിരിക്കുകയാണ്. ആ എക്സംപ്ഷൻ നിലനിർത്തുന്നതു് ആവശ്യമാണ്. ഇതിനുമുമ്പു പറഞ്ഞ അതേ കാരണങ്ങൾതന്നെയാണ് ഇതിനും ചൂണ്ടിക്കാണിക്കാനുള്ളതു്. അതു് കൃഷിക്കാരനെ പ്രത്യേകിച്ചു് കൂടിയാണെ ബാധിക്കുന്ന പ്രശ്നമാണ്.

അതുപോലെതന്നെ ഐറ്റം 55-ൽ പറയുന്നതു് പാട്ടാവകാശം കൈമാറുന്നതിനെ സംബന്ധിച്ചാണ്. അതിനും നേരത്തെ എക്സംപ്ഷൻ ഉണ്ടായിരുന്നു.

'Transfer of lease'

Exemption: The transfer of any lease exempt from duty. മുദ്രവില കൊടുക്കേണ്ടതില്ലായിരുന്ന ഒരു പാട്ടാധാരം കൈമാറാം ചെയ്യുമ്പോഴും മുദ്രവില കൊടുക്കണമെന്നാണ് ഈ എക്സംപ്ഷൻ മാറിക്കഴിയുമ്പോൾ വരുന്നതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: എല്ലാ ഐറ്റങ്ങളും സെലക്ട് കമ്മിറ്റിയിൽ കൺസിഡർ ചെയ്യുന്നതല്ലേ നല്ലതു്?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സമയക്കുറവു കൊണ്ടാണ് ഇപ്പോഴും പറയുന്നതു്. ഈ ഐറ്റങ്ങളെല്ലാം റി കൺസിഡർ ചെയ്യണമെന്നു് ചൂണ്ടിക്കാണിക്കുകയാണ്. ഈ ബില്ലിൽ Acknowledgement of debt, Adoption Deed, Conveyance, എന്നിങ്ങനെ പല ഐറ്റങ്ങളും ചിട്ടയില്ലാതെയാണ് കൊടുത്തിരിക്കുന്നതു്. കൺവെയൻസിന്റെ കാര്യത്തിൽ ആനുപാതികക്രമം നിശ്ചയിച്ചിരിക്കുന്നതു് നല്ലതാണ്.

ടാക്സേഷൻ എൻക്വയറിക്കമ്മിറ്റിയുടെ നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ടു വരുത്തിയിരിക്കുന്ന മാറ്റങ്ങളാണിതു്. ഒറ്റിക്കാരനും പാട്ടക്കാരനും ഇത്ര ശതമാനം മുദ്രവില കൊടുക്കണമെന്നുള്ള രീതിയിൽ ബാധകമാക്കിയിട്ടുള്ളതു് വളരെ പുരോഗമനപരമാണ്. കണക്കു കൂട്ടുന്നതിനും എളുപ്പമാണ്. ഈ രീതിയിൽ എടുത്തുകളഞ്ഞിരിക്കുന്ന എക്സംപ്ഷൻ സാധാരണ കൃഷിക്കാരെ ബാധിക്കുമോ എന്നു ഒന്നുകൂടി പരിശോധിച്ചുകൊണ്ടു് അതിനു് മാറ്റം വരുത്തുന്നതിനാവശ്യമായ ഭേദഗതികളും ഇതിനകത്തു് വരുത്താൻ കഴിയുമെങ്കിൽ. അഫിഡവിറ്റിന്റെ കാര്യത്തിൽ വരുത്തിയിട്ടുള്ള ഭേദഗതി, സംസ്ഥാനത്തെ സിവിൽ കോടതികളെയും മറ്റു കോടതികളെയും സമീപിക്കേണ്ടിവരുന്ന സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അഫിഡവിറ്റുകൾക്കു് രണ്ടു രൂപ വച്ചു് സ്റ്റാമ്പു് ഒട്ടിക്കണമെന്നുള്ള വ്യവസ്ഥ വളരെയധികം ബാധിക്കുമെന്നുള്ളതുകൊണ്ടു് അതു് ഭേദഗതി ചെയ്യാൻ തയ്യാറാകണമെന്നു് ഞാൻ ബഹുമാനപ്പെട്ട മന്ത്രി

യോട് അഭ്യർത്ഥിക്കുകയാണ്. ഇന്നത്തെ ഭേദഗതികൊണ്ട് ലാൻഡ് റിഫോംസ് ആക്ടനുസരിച്ചുള്ള അഫിഡവിറുകളും മാത്രമെ ഒഴിവാക്കിയിട്ടുള്ളൂ. സാധാരണ കേസ്സുകളിലും വർക്കുമെൻ കോമ്പൻസേഷനുകളിലുമെല്ലാം അഫിഡവിറുകളും ഇതുപോലെ ഒഴിവാക്കപ്പെടേണ്ടതായിട്ടുണ്ട്. ഇതുപോലെതന്നെ ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിലുമെല്ലാം അഫിഡവിറുകൾ ഒഴിവാക്കപ്പെടേണ്ടതാണ്. അതുകൊണ്ട് ഇതെല്ലാം ഒന്നുകൂടി പരിശോധിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജി ഗോപിനാഥൻപിള്ള: സർ, ഈ ബില്ല് സെലക്ട് കമ്മിറ്റിക്കു് അയയ്ക്കണമെന്നാണ് എന്റെ ഭേദഗതി.

ഓക്ഷേഷൻ എൻക്വയറി കമ്മിറ്റിയുടെ റിപ്പോർട്ടിനെ ആസ്പദമാക്കിയാണ് ഇതു് അവതരിപ്പിച്ചിരിക്കുന്നതു്. എങ്കിൽത്തന്നെയും സാധാരണക്കാരനെ പ്രത്യക്ഷത്തിൽ ഉപദ്രവിക്കുന്ന നികുതിനിർദ്ദേശങ്ങളും ഇതിനകത്തുണ്ട്. ഏറ്റവും നിസ്സാരമാണെങ്കിലും അക്നാളഡ്ജ്മെന്റ് ഓഫ് ഡെബ്റ്റിനു് 20 രൂപയ്ക്കു് 20 പൈസ ആകുമ്പോഴും സാധാരണക്കാരായ ആളുകൾക്കു് വളരെ ഉപദ്രവം ഉണ്ടാകുമെന്നു് പ്രത്യക്ഷമായിട്തന്നെ കാണാവുന്നതാണു്. ഇതു് നിസ്സാരമായ കാര്യമല്ല. അതുകൊണ്ടു് ഇതിന്റെ സീരിയൽ നമ്പർ ഒന്നു മുതൽ തന്നെ അമൻറുമെൻറ് ആവശ്യമാണു്. വളരെ ഗുരുതരമായി സാധാരണക്കാരനെ ബാധിക്കുന്ന കാര്യങ്ങളും ഇതിനകത്തുണ്ടു്. ഏറ്റവും സാധാരണക്കാരനെ ബാധിക്കുന്നതുകൊണ്ടു് ഇതു് അമൻറ് ചെയ്യേണ്ടതു് ആവശ്യമാണു്. അഡ്വക്കേറ്റിനു് എൻറോൾ ചെയ്യുന്നതിനു് ഫീസു് വച്ചിരിക്കുന്നതിൽ കൂടുതൽ കുഴപ്പമൊന്നുമില്ല. പക്ഷേ സാധാരണക്കാരുടെ കാര്യത്തിൽ ഇതുപോലുള്ള കാര്യങ്ങളും കുറെക്കൂടി സഹിഷ്ണുതയോടുകൂടി കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. അതുപോലെതന്നെ കൺവെയൻസിനു് സ്ലാബ്സിസ്റ്റം ഒഴിവാക്കുന്നതു തെറ്റാണു്. എന്തെല്ലാം ന്യായീകരണം ഉണ്ടായിരുന്നാലും അഫിഡവിറും് എല്ലാ കാര്യങ്ങളിലും ഫ്രീയായിട്ടു് സ്വീകരിക്കണം. ഈ നിയമത്തിൽ കുറഞ്ഞ റേറ്റാണു് കാണിച്ചിട്ടുള്ളതു്. എന്നാൽ അതു പരിപൂർണ്ണമായി ഒഴിവാക്കണമെന്നു് ബഹുമാനപ്പെട്ട മന്ത്രിയോടു് ഞാൻ അഭ്യർത്ഥിക്കുകയാണു്. ഈ അമൻറുമെൻറുകൊണ്ടു് സാധാരണക്കാർക്കു് കൂടുതൽ ഉപദ്രവം ആണു് ഉണ്ടാകുന്നതു്. ധനപരമായി കഴിവുള്ള ആളുകൾക്കു് കോടതിയെ അഭയം പ്രാപിക്കുവാനും ധനം ചെലവാക്കുവാനും പ്രയാസമില്ല. അഫിഡവിറിനു് കൂടുതൽ പണം ചെലവാക്കാൻ സാമ്പത്തിക പരാധീനത ഉള്ള ആളുകളെ സംബന്ധിച്ചിടത്തോളം സാധ്യമല്ല. അഫിഡവിറു് എല്ലാ ആളുകളെയും ബാധിക്കുന്നതാണു്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ ചർച്ചയിൽ പങ്കെടുക്കുന്ന വക്കീലന്മാരെല്ലാംതന്നെ ഈ സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കണമെന്നു പറയുന്നതു് വ്യവഹാരം വർദ്ധിക്കുന്നതിനുവേണ്ടിയല്ലെ?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർമാരെപ്പോലെയുള്ള കക്ഷികൾക്കു് ഉപകാരം ഉണ്ടാക്കാൻവേണ്ടി പറയുന്നതാണു്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: ഏതായാലും വ്യവഹാരങ്ങൾക്കു് സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കണമെന്ന അഭിപ്രായക്കാരനാണു് ഞാൻ. സാധാരണക്കാരനു് കോടതിയെ അഭയം പ്രാപിച്ചു് കാര്യം നടത്തണമെങ്കിൽ സ്റ്റാമ്പ് ഡ്യൂട്ടി കുറവു് ചെയ്യണം. ഇന്നത്തെ പരിതഃസ്ഥിതിയിൽ പ്രത്യക്ഷത്തിൽ വലിയ വികാരമൊന്നും ഉളവായില്ലെങ്കിൽതന്നെ സാധാരണക്കാരനു് ഉപദ്രവം ഉണ്ടാക്കുന്ന ഒരു ബില്ലാണു് എന്നു കണ്ടുകൊണ്ടു് അതു് സെലക്ട് കമ്മിറ്റിക്കു് അയയ്ക്കണം. സെലക്ട് കമ്മിറ്റി എത്രയും വേഗം കാര്യങ്ങളും പഠിച്ചു് അവസാന റിപ്പോർട്ട് സമർപ്പിക്കുകയും ഗവണ്മെൻറ് പ്രത്യേകിച്ചു് ഈ ആക്ടിനകത്തുള്ള സാധാരണക്കാർക്കു് ബുദ്ധിമുട്ടു്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കത്തക്ക രീതിയിൽ ഈ ബില്ല് അവതരിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഈ ബില്ല് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള ഉദ്ദേശത്തിൽ ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: സർ, ഞാൻ ഈ ബില്ലിന്റെ പൊതുവായ ചർച്ചയിൽ പ്രവേശിച്ച് സംസാരിക്കണമെന്നുദ്ദേശിക്കുന്നില്ല. എന്നാലും ജനദ്രോഹപരവും യാതൊരു കാരണവശാലും നീതീകരിക്കാൻ പാടില്ലാത്തതുമായ ക്ലോസ് (4) ലെ പ്രൊവൈസോയെപ്പറ്റി മാത്രമാണ് ഞാൻ പറയാനുദ്ദേശിക്കുന്നത്. അതായത് അഫിഡവിറ്റിനു രണ്ടു രൂപ സ്റ്റാമ്പു വേണമെന്നു പറഞ്ഞിട്ടുള്ളതിനെയാണ് ഞാൻ എതിർക്കുന്നത്. അത് എന്നാലും തെറ്റായ ഒരു നടപടിയാണ്. ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട റവന്യൂ മന്ത്രി കുറേനാൾ വക്കീലായിട്ട് കഴിഞ്ഞിരുന്നവരാണ്. അതുകൊണ്ട് കോടതിയും വക്കീലും അഫിഡവിറ്റും ആയിട്ടുള്ള ബന്ധം എത്രമാത്രമുണ്ടെന്നു നേരിട്ടറിയാമായിരിക്കും. കക്ഷികൾക്കു പണം മുടക്കി കേസ്സ് കൊടുക്കാൻ നിർവ്വാഹമില്ലെന്നുവരുന്ന അവസരത്തിൽ പാപ്പരായിട്ട് അന്യായം കൊടുക്കാമെന്നു നിയമമുണ്ട്. പാപ്പരായിട്ട് കക്ഷി കൊടുക്കുന്ന അന്യായത്തിൽ പോലും അനേകം അഫിഡവിറ്റുകൾ ഹാജരാക്കേണ്ടതായി വരുന്നുണ്ട്. ഫീസ്സടയ്ക്കാൻ നിവൃത്തിയില്ലാത്ത ഒരാളെ പാപ്പരായിട്ട് കേസ്സു കൊടുക്കുന്നതിനു അനുവദിക്കുന്ന ഘട്ടത്തിൽ അതിനുവേണ്ടി കൊടുക്കേണ്ടിവരുന്ന അഫിഡവിറ്റിനുവേണ്ടി അനേകം രൂപ കൊടുക്കേണ്ടി വരുമെന്നു പറയുന്നത് ഒരിക്കലും ശരിയല്ല. 1925 മുതൽ 1950 വരെ 25 കൊല്ലക്കാലം ഞാൻ ഒരു വക്കീലായിരുന്നു. അതുകൊണ്ട് എത്രമാത്രം അഫിഡവിറ്റുകൾ ഓരോ കേസ്സിനും ആവശ്യമുണ്ടെന്നും അതനുസരിച്ച് ഫീസ് കെട്ടേണ്ടി വരികയാണെങ്കിൽ കക്ഷികൾക്ക് എത്രമാത്രം ചെലവു വരുമെന്നുമുള്ളതിനെപ്പറ്റി ഒരേകദേശ രൂപം എനിക്കു കിട്ടിയിട്ടുണ്ട്. ഈ അഫിഡവിറ്റിനു വേണ്ടി രണ്ടു രൂപ വീതം പിരിക്കുന്നതിനുപകരം മറ്റു വല്ല വഴിയും നോക്കുകയായിരിക്കും നല്ലത്. പബ്ലിക് റോഡിൽക്കൂടി നടക്കുന്ന ഓരോരുത്തരും പത്തു പൈസ വീതം തരണമെന്ന് ഒരു നിയമം ഉണ്ടാക്കിയാലും തരക്കേടില്ല. റോഡെല്ലാം മെറ്റൽചെയ്ത് ടാറിട്ട് ഭംഗിയായി ഇട്ടിരിക്കുന്നതുകൊണ്ട് ആരെങ്കിലും പബ്ലിക് റോഡിൽക്കൂടി നടക്കുകയാണെങ്കിൽ പത്തു പൈസ കൊടുക്കണമെന്നു നിയമം ഉണ്ടാക്കുകയാണെങ്കിൽ ഒരുപാടു ചക്രം ഗവണ്മെന്റിനു കിട്ടും. അതിനെക്കാളും അക്രമമാണ് അഫിഡവിറ്റിനു 2 രൂപ ഫീസ് കൊടുക്കണമെന്നു പറയുന്നത്. അതുകൊണ്ട് ഇതിനെപ്പറ്റി കാര്യമായി ആലോചിച്ചതിനുശേഷം അഫിഡവിറ്റിനു രണ്ടു രൂപ ഫീസ് വാങ്ങിക്കണമെന്നുള്ള നിയമം ഇതിൽനിന്നും എടുത്തുകളയേണ്ടതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: പത്തു പൈസ വീതം കൊടുക്കണമെന്നു പറഞ്ഞാൽ എല്ലാപേരും സന്തോഷമായി കൊടുക്കുമോ?

ശ്രീ. ജോസഫ് ചാഴിക്കാടൻ: കൊടുത്തില്ലെങ്കിൽ പോലീസുകാരെക്കൊണ്ട് കൊടുപ്പിക്കണം പോലീസുകാർക്ക് ഇപ്പോൾ വലിയ ജോലിഭാരമൊന്നുമില്ലല്ലോ. റോഡിലിറങ്ങി നടക്കുന്നവരിൽനിന്നും പത്തു പൈസ വീതം വാങ്ങിച്ചാൽ ഖജനാവിലേയ്ക്ക് കൂടുതൽ പൈസ വീഴും. അതിനെക്കാളും കഷ്ടമാണ് ഇതു്. പണ്ട് ഗവണ്മെന്റ് ഖജനാവിൽ പൈസ ഇല്ലെന്നും പറഞ്ഞ് ഒരു സ്വാമി (സി പി. രാമസ്വാമി അയ്യർ) ഒരു പദ്ധതി കൊണ്ടുവന്നു. അദ്ദേഹം ദിവാനായിരുന്ന കാലത്താണ്. കാൽ ചക്രം വിലയുണ്ടായിരുന്ന തീപ്പെട്ടിക്ക് എക്സൈസ് ഡ്യൂട്ടി ചുമത്തി വില നാലിരട്ടിയായി. ഞാൻ അന്ന് അതിനെ ശക്തിയായി എതിർത്തു. അതുപോലെ തലമുറ തലമുറയായി ഒരു പൈസയും കൊടുക്കാതെ അഫിഡവിറ്റ് ഹാജരാക്കിക്കൊണ്ടിരുന്നതിനെതിരായി ഒരു സുപ്രഭാതത്തിൽ അഫിഡവിറ്റിനു രണ്ടു രൂപ സ്റ്റാമ്പ് ഒട്ടിക്കണമെന്നു പറയുന്നത് ചിന്തിക്കാൻപോലും വയ്യാത്ത അക്രമമാണ്. മെമ്പർമാർ ചോദിച്ച ചോദ്യത്തിനെല്ലാം പണമില്ല പണമില്ല എന്നു് ഇവിടെ ഒരു മന്ത്രി ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

പർയുന്നത്തു കേട്ട. പണമില്ലാതെവരുമ്പോഴം പണമുണ്ടാക്കുന്നതിനുള്ള വഴി ഇതാണോ? ന്യായമായും മനുഷ്യർക്കു് സഹിക്കാൻ പറ്റിയ കരങ്ങളം ചുമത്തുകയല്ലാതെകണ്ടു് ജനങ്ങളംക്കു് ദ്രോഹപരമായ കരങ്ങളം ഇനിയും ചുമത്താൻ പാടില്ല. ഇതൊരു പിടിച്ചുപറിപോലെയാണു്. കൊല്ലങ്ങളായി ഒരു ചക്രവും പകൊടുക്കാതെകണ്ടു് അഫിഡവിറ്റു് ഹാജരാക്കിയിരുന്ന. 25 കൊല്ലക്കാലം വക്കീലായിരുന്നതു കൊണ്ടു് എനിക്കറിയാം അനേകം സംഗതികളംക്കു് അഫിഡവിറ്റു് ഹാജരാക്കേണ്ടതായി വരുമെന്നു്. ഇപ്പോളം രണ്ടു രൂപ അഫിഡവിറ്റിനു് സ്റ്റാമ്പു് ഒട്ടിക്കണമെന്നു പറഞ്ഞാൽ വലിയ പ്രയാസമാണു്. ഇതിനെപ്പറ്റി ഇവിടെ വക്കീലന്മാരായിട്ടുള്ള ആളുകളംക്കു് അറിയാം ഒരു കേസ്സിനു തന്നെ ചിലപ്പോൾ പതിനഞ്ചും ഇരുപതും അഫിഡവിറ്റു് ഹാജരാക്കേണ്ടതായിവരും. ഇപ്പോഴുള്ള ഡിപ്പാർട്ടുമെൻറുകളിൽ ഏറ്റവും അക്രമം കാണിക്കുന്നതു് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറാണു്. മുൻപു് ആധാരം എഴുതിക്കൊടുത്താൽ അതിൻറെ പകർപ്പു് എഴുതിത്തരുമായിരുന്ന. ഇപ്പോഴാണെങ്കിൽ ആധാരത്തിൻറെ മൂന്നു പകർപ്പു് അങ്ങോട്ടു് എഴുതിക്കൊടുക്കണം. ഇതിനെല്ലാം വലിയ പ്രയാസങ്ങളാണു് ജനങ്ങളം അനുഭവിക്കുന്നതു്. ഇങ്ങനെയെല്ലാം ഓരോ വിധത്തിൽ ജനങ്ങളിൽവരുന്ന ചക്രം അനാവശ്യമായി ചെലവാക്കി നശിപ്പിച്ചതിനുശേഷം ജനങ്ങളെ ഞെരുക്കി പകരം ചക്രം ഉണ്ടാക്കാൻ വഴി നോക്കുകയാണു്. അതിനു് അഫിഡവിറ്റിനു് 2 രൂപ വീതം ചുമത്തുകയെന്നുപറയുന്നതു് അനീതിയാണു്; ചെയ്യാൻ പാടില്ലാത്തതാണു്. സാധുക്കളായ ജനങ്ങളെ കഷ്ടപ്പെടുത്തുന്ന ഏർപ്പാടാണു്. അതുകൊണ്ടു് അതു ചെയ്യാൻ പാടില്ല. വളരെയധികം ഉദാഹരണങ്ങളം പറഞ്ഞാലേ ഇതെല്ലാം മനസ്സിലാകൂ. അല്പാക്ഷരതിയറി പറഞ്ഞതുകൊണ്ടുമാത്രം മനസ്സിലാകുമെന്നു തോന്നുന്നില്ല. പിന്നെ റവന്യൂ മന്ത്രി ഒരു വക്കീലായതുകൊണ്ടു് അഫിഡവിറ്റിൻറെ കാര്യം മനസ്സിലാക്കാൻ കഴിയുമെന്നാണു് എനിക്കു തോന്നുന്നതു്. അഫിഡവിറ്റിനു ഫീസ് ചുമത്താൻ പാടില്ല. അതു് ഈ ബില്ലിൽ നിന്നും എടുത്തുകളയണം.

ശ്രീ. കെ. എം. മാണി: സർക്കാരിനു വരുമാനമുണ്ടാക്കാൻ എന്തെങ്കിലും മാർഗ്ഗം വേണമല്ലോ. അതിനുള്ള ഏതെങ്കിലും പദ്ധതി ചൂണ്ടിക്കാണിച്ചാൽ കൊള്ളാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട: കായംകുളം കൊച്ചുണ്ണി വരുമാനമുണ്ടാക്കിയതു് എങ്ങനെയാണെന്നു് അറിയാമോ? കായംകുളം കായലിൽക്കൂടി ആരെങ്കിലും വള്ളത്തിൽപോയാൽ അവരുടെ അടുത്തെത്തി ഉള്ളതെല്ലാം പിടിച്ചു പറിക്കും. അവരോടു് എവിടെ പോകാൻ പോകുന്നു എന്നു ചോദിക്കും. തിരുവനന്തപുരത്താണു പോകേണ്ടതെങ്കിൽ അതിനു രണ്ടു രൂപ മതി ബാക്കി ഇങ്ങുതാ എന്നു പറഞ്ഞു് ബാക്കിയുള്ളതെല്ലാം പിടിച്ചുപറിക്കും. അങ്ങനെയുള്ള ഒരേർപ്പാടായിപ്പോയി ഇതും. ചക്രമില്ലാത്തതുകൊണ്ടു് പിടിച്ചുപറിച്ചിട്ടു് ഉണ്ടാക്കാമെന്നു പറയുന്നതു് ശരിയല്ല. ഗവണ്മെൻറു് അങ്ങനെ ചെയ്യുന്നതു് ശരിയല്ല. കച്ചേരിയിൽ കയറിയിട്ടുള്ള കക്ഷികാരംക്കും വക്കീലന്മാർക്കും ഇതറിയാം. കേസു് നടത്താത്ത വക്കീലന്മാർക്കും അറിയാം. ഇങ്ങനെയൊരു ബുദ്ധി ആക്ക തോന്നിയെന്നാണു് എൻറെ സംശയം. ശ്രീമതി ഗൗരി നല്ല മനുഷ്യത്തിയാണു്. അനാവശ്യമായ ഈ പ്രൊവിഷൻ കൊണ്ടുവരാൻ അവരെ ആരുപദേശിച്ചു എന്നാണു് എൻറെ സംശയം. ടി. വി. തോമസു് ഉപദേശിച്ചോ എന്നെനിക്കറിഞ്ഞുകൂടാ. അദ്ദേഹത്തിനു വ്യവസായമല്ലേ? ഇതും ഒരു വ്യവസായമാണു്. 2 രൂപ കിട്ടിയാൽ കൊള്ളാമെന്നു പറഞ്ഞിട്ടുണ്ടോ? അഫിഡവിറ്റിനു് രണ്ടു രൂപ കൊടുക്കണമെന്നു പറഞ്ഞു് ഒരു പുതിയ വ്യവസായ കോർപ്പറേഷൻ ഉണ്ടാക്കട്ടെ അഫിഡവിറ്റു് കോർപ്പറേഷൻ. ആക്കു് അഫിഡവിറ്റു് വേണമെങ്കിലും കോർപ്പറേഷനു് അപേക്ഷ കൊടുക്കണം. അഫിഡവിറ്റു് എടുക്കണമെങ്കിൽ 2 രൂപ കൊടുക്കണം. അങ്ങനെയൊരു കോർപ്പറേഷൻ ഉണ്ടാക്കാമെങ്കിൽ വളരെയധികം പണം ഖജനാവിലേയ്ക്കു വരും. പണ്ടൊരു മഹാരാജാവു്, മാർത്താണ്ഡവർമ്മ ആണെന്നാണു് എൻറെ ഓർമ്മ, പണമില്ലാതെ രാജ്യത്തു് കഴപ്പുണ്ടായി വിഷമി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിരിക്കുമ്പോഴാ മന്ത്രി കയറിവന്നു. രാമയ്യൻ മുള്ളുവ ആണെന്നാണു തോന്നുന്നതു്. കൊട്ടാരത്തിന്റെ കഴുക്കോലിൽ വെള്ളരിക്ക കെട്ടിയിട്ടിരുന്നു. മഹാരാജാവിന്റെ മുമ്പിൽ മന്ത്രി വന്നു നില്ക്കുകയാണു്. മഹാരാജാവു് മന്ത്രിയോടു ചോദിച്ചു, ആ വെള്ള രിക്ക മുറിക്കാതെ അതിന്റെ അകത്തിരിക്കുന്ന കുരു എടുക്കാൻ എന്താണു മാർഗ്ഗം എന്നു്. തിരുവിതാംകൂർ മഹാരാജാവു് തിരുവിതാംകൂർ മന്ത്രിയോടു പറഞ്ഞതാണിതു്. ഇതു് തിരുവിതാംകൂർ ചരിത്രത്തിന്റെ ഒരു ഭാഗമാണു്. ബുദ്ധിമാനായ മന്ത്രി അതു മന സ്സിലാക്കി. 'പണം ഇല്ലാത്തതുകൊണ്ടു് പണമുണ്ടാക്കാനായി ജനദ്രോഹകരമല്ലാത്ത മാർഗ്ഗത്തിൽക്കൂടി എങ്ങനെ നടപടിയെടുക്കാം എന്നു് മന്ത്രി ആലോചിച്ചു. അതുപോ ലെയുള്ള മാർഗ്ഗങ്ങളാണു് ആലോചിക്കേണ്ടതു്. അല്ലാതെ വെള്ളരിക്ക മുറിച്ചു് കുരു വെടുക്കാമെന്നു വിചാരിച്ചാൽ വെള്ളരിക്കയും പോയി, കുരുവും പോയി; എല്ലാം പോയി എന്നുള്ള അവസ്ഥ വരും. ഞാൻ നേരത്തെ പറഞ്ഞതുപോലെ 6 കോടി രൂപയ്ക്കുവേണ്ടിയായിരുന്നു അന്നു് സി. പി. എക്കെസു് നികുതി കൊണ്ടുവന്നതു്. കാൽചക്രം ഉണ്ടായിരുന്ന തീപ്പെട്ടിക്കു് ഒരു ചക്രമാക്കി. അങ്ങനെ ചെയ്യുന്നതു് ശരിയല്ലെന്നു ഞാൻ വാദിച്ചു. അപ്പോഴാ 6 കോടി രൂപ പോയാൽ അതെങ്ങനെ ഉണ്ടാക്കും എന്നു് സ്വാമി എന്നോടു ചോദിച്ചു. ഞാൻ പറഞ്ഞു; ഞങ്ങടെ 60 ലക്ഷം ജനങ്ങളുണ്ടു്, ആളൊന്നുക്കു് 10 രൂപവച്ചു് തരാമെന്നു്. അങ്ങനെ തരാമെന്നു് ഉറപ്പു തരുമെങ്കിൽ ഉപേക്ഷിക്കാം എന്നു പറഞ്ഞു. എന്റെ മണ്ഡലത്തെ സംബന്ധിച്ചിടത്തോളം ഉറപ്പു തരാം. മറ്റുള്ളിടത്തെ കാര്യം എനിക്കു് ഏൽക്കാൻ നിവൃത്തിയില്ലെന്നു് ഞാൻ പറയുകയുണ്ടായി. ഞാൻ പറയുന്നതൊന്നും റവന്യുമന്ത്രി ശ്രദ്ധിക്കുന്നില്ല. ഞാൻ ഇവിടെ ഇതെല്ലാം പറയുമ്പോഴാ നിങ്ങളുടെ വലിയ രഹസ്യസംഭാഷണവും കൊണ്ടു് കഴിഞ്ഞാൽ പിന്നെ ഞാനെന്തിനു പറയണം.

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സാധാരണ നിയമസഭയിൽ സ്പീക്കറെയാണു് അഭിസംബോധന ചെയ്യുന്നതു്.

ശ്രീ. ജോസഫു് ചാഴിക്കാടൻ: സാധാരണ സ്പീക്കർ വഴിയാണു് സംസാരിക്കുന്നതു്. സ്പീക്കർവഴി കേൾക്കേണ്ടവരോടു് സംസാരിക്കും. സ്പീക്കറാണോ അതെല്ലാം ചെയ്യുന്നതു്? അതുകൊണ്ടു് സ്പീക്കർ വഴി റവന്യു മന്ത്രിയോടാണു് ഞാൻ സംസാരിക്കുന്നതു്. കേൾക്കാൻ മനസ്സുണ്ടെങ്കിൽ കേൾക്കണം. ഇല്ലെങ്കിൽ കേൾക്കണ്ട. അതുയേയുള്ളൂ.

ശ്രീ. എൻ. കണപതി: സർ, ഹരിജനങ്ങളുക്കു സ്ടാമ്പു ഒട്ടാമലിരുപ്പതർക്കു വഴിവകെ ചെയ്യപ്പടുമാ?

ശ്രീ. ജോസഫു് ചാഴിക്കാടൻ: ഞാനീ പറയുന്നതിനകത്തു് ഹരിജനങ്ങളെല്ലാം ഉൾപ്പെടുന്നുണ്ടു്, ആർക്കും സ്റ്റാമ്പു് ഒട്ടിക്കേണ്ട എന്നാണു് ഞാൻ പറയുന്നതു്. മഹാ ബ്രാഹ്മണർക്കും ഹരിജനങ്ങൾക്കും ഒന്നും സ്റ്റാമ്പു വേണ്ട എന്നാണു ഞാൻ പറയുന്നതു്. മലപ്പുറക്കാർക്കും സ്റ്റാമ്പു വേണ്ടെന്നാണു് ഞാൻ വാദിക്കുന്നതു്.

ശ്രീ. എൻ. കണപതി: സർ, പണം പടൈത്തവർകളുക്കു സ്ടാമ്പു ഒട്ട സെയ്യുമ്പടി സർക്കാർ ഏർപാടു സെയ്യപ്പടുമാ?

ശ്രീ. ജോസഫു് ചാഴിക്കാടൻ: പണക്കാർക്കു് ധാരാളം നികുതി കൊടുക്കേണ്ടതായിട്ടുണ്ടു്. അവർക്കു് ട്രേനികുതി കൊടുക്കണം, കാർഷികാദായനികുതി കൊടുക്കണം, ഇൻകംടാക്സു് കൊടുക്കണം, ഇങ്ങനെ അനേകം ടാക്സുകളും കൊടുക്കേണ്ടതായിട്ടുണ്ടു്. അഫിഡവിറ്റു് എന്നു പറയുന്നതു് എല്ലാപേരെയും ബാധിക്കുന്നതാണു്. അതുകൊണ്ടു് അഫിഡവിറ്റിനുള്ള ചക്രം ആരിൽനിന്നും ഈടാക്കരുതെന്നാണു് ഞാൻ വാദിക്കുന്നതു്. ഹരിജനങ്ങൾക്കും പാടില്ല, ആർക്കും പാടില്ല. ദ്രോഹമായ നിലയിലുള്ള ഒരു ടാക്സും ഈടാക്കാൻ പാടില്ല. രാമയ്യൻ മുള്ളുവയോടു മാത്രമാണു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വക്കീ പറഞ്ഞതുപോലെ ജനങ്ങൾക്ക വലിയ ദ്രോഹം ചെയ്യാത്തവിധത്തിലായിരിക്കണം ടാക്സ് ഏർപ്പെടുത്തേണ്ടത്. പക്ഷേ അതിനു കുറെ ദീർഘദൃഷ്ടിയും ബുദ്ധിയും ശേഷിയും എല്ലാം വേണം. ഇപ്പോഴാണെങ്കിൽ അന്യായമായി കോടതി ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്, വക്കീൽഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്, മറ്റെല്ലാ സംഗതികൾക്കും ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് അഫിഡവിറിനു ഫീസ് ചുമത്തിയിരിക്കുന്നതു തെറ്റാണ്. അതു മാറണം. ഇവിടെയുള്ളവരിൽ അധികമാളുകളും അഫിഡവിറിന്റെ തുക എടുത്തുകളയണമെന്നുള്ള അഭിപ്രായക്കാരാണ്. മെമ്പറന്മാരിൽ അനേകം പേർ പറഞ്ഞാലും എടുത്തുമാറ്റുകയില്ലെന്നു പറഞ്ഞാൽ വേണ്ട, അതുതന്നെ, പക്ഷേ മന്ത്രി അങ്ങനെ ചെയ്യാനിടയില്ല. റവന്യൂമന്ത്രി വലിയ വിവരമുള്ള കൂട്ടത്തിലാണ്. പലരും പറയുമ്പോലെ ശരിയാണ്, മാറിക്കളയാം എന്നു അവർക്കു തോന്നുമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് അഫിഡവിറു ആർക്കും ഫ്രീയായി കൊടുക്കാനുള്ള അവസരം നൽകണം. റവന്യൂമന്ത്രിയുടെ മുഖത്തു് ഒരു മാതിരി പുഞ്ചിരി വന്നിട്ടുണ്ട്. അതുകൊണ്ട് ഇതു ചിലപ്പോൾ ചെയ്തേക്കും; സ്വീകാര്യമല്ലെങ്കിൽ സാധാരണയായി മുഖത്തിനു വലിയ ദേഷ്യമാണ് ഇപ്പോൾ ഒരു പുഞ്ചിരിയുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : മുഖത്തിന്റെ ഭാവം സംസാരിക്കുന്ന ആളിനെ ആശ്രയിച്ചായിരിക്കും.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഈ വയസ്സനെ കണ്ടിട്ടാണോ? എങ്കിൽ കൊള്ളാം. വയസ്സ് വളരെ കൂടുതലായി അതുകൊണ്ടാണ്.....

ശ്രീ. ഗണപതി : സർ, ഒരു ചോദ്യം.

ഡെ. സ്പീക്കർ : ഓർഡർ, ഓർഡർ. ഇതൊരു ഡിസ്കഷനായി കൊണ്ടുപോകുവാൻ സാധ്യമല്ല. ശ്രീ. ചാഴിക്കാടൻ അവസാനിപ്പിക്കണം.

ശ്രീ. കെ. കരുണാകരൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ഒരു ബില്ലിനെ സംബന്ധിച്ചുള്ള ചർച്ചാവേളയിൽ ഈ സഭയിലെ ഏതെങ്കിലും ഒരംഗത്തിനു് സംശയമുണ്ടെങ്കിൽ അതിനു് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ചോദ്യം ചോദിക്കാൻ അവകാശമില്ലേ, മെമ്പർ യീൽഡ് ചെയ്യുകയാണെങ്കിൽ അതിനു് അനുവദിക്കേണ്ടതല്ലേ?

ഡെ. സ്പീക്കർ : ഇതൊരു ഡിസ്കഷനായി മാറാതിരിക്കാനാണ് ഞാൻ അങ്ങനെ പറഞ്ഞതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞാൻ എത്ര ചോദ്യത്തിനു വേണമെങ്കിലും ഉത്തരം പറയാം. പക്ഷേ സ്പീക്കർ അനുവദിക്കണം. ആരു ചോദ്യം ചോദിച്ചാലും മറുപടി പറയാൻ ഞാൻ തയ്യാറാണ്. ശ്രീമാൻ ഗണപതിയല്ല മഹാവിഷ്ണു വന്നു ചോദിച്ചാലും ഞാൻ ഉത്തരം പറയാം. പക്ഷേ അങ്ങു് അനുവദിക്കണമെന്നമാത്രം. ഞാൻ ചുരുക്കുകയാണു്. ഈ അഫിഡവിറിനുള്ള ഫീസ് ഒരിക്കലും ചുമത്തരുതു്, എടുത്തുകളയണം, ഒരുതരം, രണ്ടുതരം, മൂന്നുതരം ആവർത്തിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കരുണാകരൻ : സർ, ഈ ബില്ലിനെ ശക്തിയായിട്ടെതിർക്കുകയാണു്. ഈ ബില്ലു് അവതരിപ്പിച്ച സംപ്രദായംതന്നെ പാവങ്ങളെ ദ്രോഹിക്കുന്ന ക്രൂരവിനോദമായിട്ടാണു ഞാൻ കാണുന്നതു്. സ്റ്റാമ്പുഡ്യൂട്ടി ഭേദഗതിവരുത്തുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനു കാരണംപറയുന്നതു് ആർഡിനൻസ് നിയമമാക്കിത്തീർക്കുന്നതിനുവേണ്ടിയാണെന്നാണു്. ആ ആർഡിനൻസ് പുറപ്പെടുവിക്കാൻ ഗവണ്മെൻറിനെ പ്രേരിപ്പിച്ച സംഗതിയെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ടാക്സേഷൻ എൻക്വയറി കമ്മീഷന്റെ ശുപാർശ നടപ്പാക്കാൻവേണ്ടിയാണ് ഈ ആർഡിനൻസ് പുറപ്പെടുവിച്ചതെന്നാണ് പറയുന്നത്. ടാക്സേഷൻ എൻക്വയറി കമ്മീഷന്റെ റിപ്പോർട്ട് ഈ സഭ ചർച്ചചെയ്തതിനുശേഷമായിരുന്നെങ്കിൽ, സഭയുടെ അഭിപ്രായം കേട്ടതിനുശേഷമായിരുന്നെങ്കിൽ അതിന്റെ വെളിച്ചത്തിൽ എന്തെങ്കിലും പ്രത്യേക സാഹചര്യംകൊണ്ടുണ്ടായതാണെങ്കിൽ മുഴുവൻ അല്ലെങ്കിൽ തന്നെയും ഒരു പരിധിവരെ അതു് അംഗീകരിക്കുവാൻ സാധിക്കുമായിരുന്നു. ടാക്സേഷൻ എൻക്വയറി കമ്മീഷന്റെ റിപ്പോർട്ട് കഴിഞ്ഞ നിയമസഭ്ക്കുമുമ്പുതന്നെ ഈ ഗവണ്മെൻറിനു കിട്ടുകയുണ്ടായി. അതുസംബന്ധിച്ച ഒരു ചർച്ചയ്ക്കു സാഹചര്യം സൃഷ്ടിക്കാതെ അതിലെ ഏതാനും ചിലസംഗതികൾമാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ആർഡിനൻസ് പുറപ്പെടുവിച്ചിരിക്കുകയാണ്. ആ ആർഡിനൻസിനു നിയമസാധുത്വം നൽകുന്നതിനുവേണ്ടിയാണ് ഈ സഭ അവസാനിക്കാറായ സന്ദർഭത്തിൽ ബില്ല് ഉടനെ പാസ്സാക്കിക്കിട്ടാൻവേണ്ടി കൊണ്ടുവന്നിരിക്കുന്നതു്. സർ, ഇവിടെ നടന്ന ചർച്ചകളിൽ ഈ ബില്ലിന്റെ വകുപ്പുകൾ അതേപടി അംഗീകരിച്ചുകഴിഞ്ഞാൽ അതു സാധാരണക്കാരനെ എത്രമാത്രം ബാധിക്കുമെന്നു് വളരെ വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്; പ്രതിപക്ഷത്തുനിന്നുമാത്രമല്ല, ഭരണകക്ഷിയിൽ നിന്നുകൂടി. ഞാൻ ഒരു അഭിഭാഷകനല്ലാത്തതുകൊണ്ടു് അതിന്റെ വിശദാംശങ്ങളിലേക്കു് കടക്കുന്നില്ല. അഭിഭാഷകന്മാർക്കുണ്ടായിട്ടുള്ള അനുഭവങ്ങളും അഭിപ്രായങ്ങളും അവർ വ്യക്തമാക്കിയിട്ടുണ്ടു്.

സർ, ഈ ബില്ലിൽ നമ്മുടെ റവന്യൂമന്ത്രി ഒന്നു രണ്ടു ഭേദഗതികളും വരുത്തിയിരിക്കയാണു്. അതിൽ പ്രധാനപ്പെട്ടതു് ലാൻഡ് ടിബ്യൂണലിനെ സംബന്ധിച്ചതാണു്. ഇതിന്റെ പ്രവർത്തനത്തിൽവന്ന ബുദ്ധിമുട്ടുകളും പരിഗണിച്ചിട്ടോ പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ചതുകൊണ്ടോ ആയിരിക്കാം അങ്ങനെ ചെയ്തതു്. അഫിഡവിറ്റിന്റെ കാര്യമാണു് എനിക്കു് പ്രധാനമായും ചൂണ്ടിക്കാണിക്കാനുള്ളതു്. ഒരു തൊഴിലാളിയുടെ കാര്യംതന്നെ ഉദാഹരണത്തിനു് എടുക്കാം. പിരിച്ചുവിടപ്പെട്ട തൊഴിലാളിക്കു് ജീവിക്കാൻ മാർഗ്ഗമില്ലാതെ വരുമ്പോൾ പലപ്പോഴും ഗവണ്മെൻറു് സഹായധനം കൊടുക്കുന്ന ഏർപ്പാടുണ്ടായിരുന്നു. അതു് ഇപ്പോൾ നിറുത്തിയിരിക്കുകയാണു്, തിരിച്ചുകിട്ടാൻ പ്രയാസമാണെന്നു പറഞ്ഞു് പിരിച്ചുവിടപ്പെട്ട തൊഴിലാളി തിരിച്ചെടുക്കാൻ നിയമവിധേയമായ മാർഗ്ഗങ്ങൾ സ്വീകരിക്കണമെങ്കിൽ അവന്റെ പിരിച്ചുവിടലിനെ ചോദ്യംചെയ്തുകൊണ്ടുള്ള ഒരു പരാതി ലേബർ കോർട്ടിൽ കൊടുക്കേണ്ടതാണു്. ഈ പരാതി ലേബർകോർട്ടിനു് കൊടുത്തുകഴിഞ്ഞാൽ അതിനുവേണ്ടി ഹാജരാകുന്ന ഈ തൊഴിലാളിക്കു് രണ്ടുരൂപാ ചെലവാക്കണം. ഈ എക്സംഷൻ എടുത്തുകളയണമെന്ന ടാക്സേഷൻ എൻക്വയറി കമ്മീഷന്റെ ശുപാർശയ്ക്കു് അവരെ പ്രേരിപ്പിച്ച സംഗതിയെന്താണെന്നു് ഈശ്വരനുമാത്രമേ അറിയാവൂ. പാവപ്പെട്ട ആളുകളോടു് എന്തെങ്കിലും ഒരു കരുണ കാണിച്ചിരുന്നെങ്കിൽ ഞാൻ ഇതിനെപ്പറ്റി പറയുകയില്ലായിരുന്നു. എന്നാൽ ഗവണ്മെൻറു് കുറെക്കൂടി വിശാലമായ ഒരു മനോഭാവം ഈ കാര്യത്തിൽ കാണിച്ചിട്ടുണ്ടു്. ടാക്സേഷൻ എൻക്വയറി കമ്മീഷൻ അഞ്ചുരൂപാ വേണമെന്നു പറഞ്ഞപ്പോൾ പൊതുജനങ്ങളുടെ ബുദ്ധിമുട്ടു കണക്കിലെടുത്തുകൊണ്ടു് അതു രണ്ടുരൂപയാക്കി കുറയ്ക്കുന്നുണ്ടു്. കടംവാങ്ങിച്ചാൽ അതു തിരിച്ചുകൊടുക്കാൻപോലും കഴിയാതിരിക്കുമ്പോഴാണു് ഈ രൂപകൂടി ചെലവാക്കേണ്ടിവരുന്നതെന്നുള്ള കാര്യം മറന്നുപോകരുതു്. കടംവാങ്ങിച്ചാൽ കൊടുക്കാത്തവരും ഉണ്ടു്. അവർക്കു ഇതൊരു പ്രയാസമല്ല. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിമാർക്കുതന്നെ 17000 രൂപാ വരെ കൊടുത്തു തീർത്തിട്ടും 4000 രൂപാകൊടുക്കാൻ സാധിക്കാതെ വരുന്നുണ്ടു്. നേരെമറിച്ചു്, വാങ്ങിച്ചാൽ കൊടുക്കണമെന്നു് ആഗ്രഹിക്കുന്ന ആളുകൾക്കു് സാമ്പത്തികമായ ബുദ്ധിമുട്ടുകൊണ്ടു് കൊടുക്കാൻ സാധിക്കാതെ വന്നാൽ കോടതിയിൽ പോയിക്കഴിഞ്ഞാൽ നേരത്തെ ഇവിടെ പലരും പറഞ്ഞതുപോലെ കോടതിച്ചെലവെല്ലാംകൂടിവരുമ്പോൾ അവൻ വല്ലാതെ വിഷമിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചഴിക്കാട്ട് : പാപ്പരായിട്ട് അന്യായംകൊടുക്കുന്നവരും ഉണ്ട്. അവരെയും വിഷമിപ്പിക്കുകയില്ലേ?

ശ്രീ. കെ. കരുണാകരൻ : എല്ലാവരേയും വിഷമിപ്പിക്കും. പലതരത്തിലും അവശതയനുഭവിക്കുന്ന ആളുകളെ ദ്രോഹിക്കുന്നതും ആ ദ്രോഹങ്ങളെല്ലാം ഉൾക്കൊള്ളുന്നതുമായ ഒരു നിയമമാണ് ഇതെന്നുള്ളകാര്യം പരക്കെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഞാൻ അതിനെപ്പറ്റി വളരെ ദീർഘമായിട്ടൊന്നും പറയുന്നില്ല. ഒരു കാര്യം മാത്രമാണ് ബഹുമാനപ്പെട്ട റവന്യൂമന്ത്രിയോട് എനിക്കു പറയാനുള്ളത്. ഇത് ഇപ്പോഴതന്നെ പാസ്സാക്കരുത്. ആർഡിനൻസിനു നിയമപ്രാബല്യം കൊടുക്കാനുള്ളതാണ് അതുകൊണ്ട് ഉടനെതന്നെ പാസ്സാക്കണം എന്ന് നിർബന്ധം പിടിക്കരുത്. ആർഡിനൻസ് പാസ്സാക്കും, അതിൽ ഒരുപക്ഷേ, ഗവണ്മെൻറിനു തെറ്റുപറ്റും. തെറ്റുപറ്റിയാൽ അതു തിരുത്താൻ ഗവണ്മെൻറു തയ്യാറാകണം. അതുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂമന്ത്രി വിശാലമായ ഒരു സമീപനത്തോടുകൂടി ഇതു് സെലക്ട്കമ്മറ്റിക്കെങ്കിലും അയയ്ക്കാൻ തയ്യാറാകണം. 'എങ്കിലും' എന്നു ഞാൻ പറയാൻ കാരണം ഇതിൽ ചില വകുപ്പുകളും ആവശ്യമാണ്. സർക്കാരിനു് കാശുകിട്ടണമെന്നുള്ളകാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. ഇന്നത്തെ സർക്കാരിനു് കാശുകൊടുത്തിട്ട് യാതൊരു പ്രയോജനവുമില്ലെങ്കിലും ഭരണം നടത്തിക്കൊണ്ടുപോകാൻ കാശു് ആവശ്യമാണ്. അതുകൊണ്ട് ടാക്സേഷനെ ഞാൻ എതിർക്കുന്നില്ല. പക്ഷേ, ഈ ബില്ല് അതേപടി അംഗീകരിക്കുകയാണെങ്കിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, നേരത്തെ ഞാൻ ചൂണ്ടിക്കാണിച്ചതുപോലുള്ള ക്രൂരമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടി ഇതു് സെലക്ട്കമ്മറ്റിക്കു് അയയ്ക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞകാലാനുഭവങ്ങളുടെ വെളിച്ചത്തിൽ അതിനു സാധ്യതയില്ലെങ്കിലും അതിനു ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ തയ്യാറാകണമെന്നു് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Deputy Speaker : The hon. Minister may reply.

Smt. K. R. Gouri : Sir, we can take up the Anpropriation Bill at 11 or 11.30. Some more time may be allowed for this Bill.

ശ്രീ. വി. വി ദക്ഷിണാമൂർത്തി : സർ, ഇതിനെ പരാമർശിച്ച് രണ്ടുകാര്യങ്ങളും പറയണമെന്നു് ഞാൻ ആഗ്രഹിക്കുകയാണ്. അഭിഭാഷകന്മാർ ഇതിന്റെ വകുപ്പുകളെ സംബന്ധിച്ചിടത്തോളം അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ട്. ആ കൂട്ടത്തിൽ രണ്ടുകാര്യം പറഞ്ഞു. അഫിഡവിറിനു രണ്ടുരൂപാ സ്റ്റാമ്പിനെറ കാര്യം. അതുപോലെതന്നെ 10 പൈസ 20 പൈസയായി വർദ്ധിപ്പിക്കുന്നകാര്യം. ടാക്സേഷൻ എൻക്വയറി കമ്മിറ്റിയുടെ ശുപാർശപ്രകാരമാണ് ഈ മാറ്റങ്ങളും വരുത്തിയിട്ടുള്ളതെന്നു പറയുന്നുണ്ട്. ഈ ടാക്സേഷൻ എൻക്വയറി കമ്മിറ്റിതന്നെ ഈ സ്റ്റാമ്പുഡ്യൂട്ടിയെപ്പറ്റി പൊതുവായി പറഞ്ഞിട്ടുള്ള ഒരു കാര്യമുണ്ട്.

'It is a regressive tax and is not related to one's ability to pay,

എന്ന കാര്യം ടാക്സേഷൻ എൻക്വയറി കമ്മിറ്റിതന്നെ പറഞ്ഞിരിക്കുകയാണ്. അതു് ഒരു പ്രോഗ്രസീവു് ടാക്സല്ല. പൊതുവേ പറഞ്ഞാൽ വളരെയധികം ബുദ്ധിമുട്ടുന്ന ആളുകളുടെമേൽ ചുമത്തുന്ന ഒരു നികുതിയാണെന്നു് പറഞ്ഞിട്ടുണ്ട്.

The incidence of tax often falls on the more needy party in a transaction. Thus it does not ensure equity and justice, it has however one overriding advantage viz convenience of collection.

LIBRARY ARCHIVES Kerala Legislative Assembly

ഒരൊറ്റ സൗകര്യമാണു് പറഞ്ഞിട്ടുള്ളതു്. അരിയേഴ്സ് വരുകയില്ല. 20 രൂപാ വാങ്ങിയിട്ടുണ്ടെങ്കിൽ സ്റ്റാമ്പു് അടിക്കാതിരിക്കാൻ സാധിക്കുകയില്ല. അഫിഡവിറിനു് കാശു കൊടുക്കാതെ നിർവ്വാഹമില്ല. അതുകൊടുക്കണം. പക്ഷേ, കളക്ഷനു വേണ്ടി പ്രത്യേക തുകയൊന്നും ചെലവാക്കാതെ കിട്ടുന്നതാണെന്നു് കമ്മിറ്റി പറയുന്നുണ്ടു്. എന്നാലും പുരോഗമനപരമായ ഒരു നടപടിയാണു് ഇതെന്നു പറയാൻ പറ്റുകയില്ല. ഇതുതന്നെ രണ്ടു പ്രാവശ്യം വർദ്ധനവുണ്ടായി. 1963—ൽ സ്റ്റാമ്പുഡ്യൂട്ടി അമൻറു ചെയ്തുകൊണ്ടുള്ള ബില്ലുവന്നപ്പോഴും ഈ കമ്മിറ്റിതന്നെ പറഞ്ഞിട്ടുള്ളതു് 50 മുതൽ 66⅔ ശതമാനംവരെ വർദ്ധനവുണ്ടായി എന്നാണു്. 1967—ൽ ഈ ബില്ലു് വീണ്ടും ഭേദഗതി ചെയ്തു. അന്നു് ഭേദഗതി ചെയ്തപ്പോഴും 33 1/3 ശതമാനം വീണ്ടും വർദ്ധിച്ചു. അങ്ങനെ ഈ ചുരുങ്ങിയ അഞ്ചു് വർഷത്തിനകം ആദ്യം 66 ശതമാനംവരെയും പിന്നെ 33 ശതമാനംവരെയും വർദ്ധനവു് ഈ കാര്യത്തിൽ ഉണ്ടായിട്ടുണ്ടെന്നു് കാണാൻ കഴിയും. അപ്പോഴും വീണ്ടുമുള്ള വർദ്ധനവു് ന്യായീകരിക്കാൻ കഴിയുമോ? യഥാർത്ഥത്തിൽ നേരത്തെ ശ്രീ ചാഴിക്കാടൻ പറഞ്ഞതുപോലെ മറേറതെങ്കിലും രൂപത്തിൽ പണമുണ്ടാക്കണം. ഏതു രീതിയിൽ ഉണ്ടാക്കാമെന്നുള്ളതിനെപ്പറ്റിയൊന്നും ഇപ്പോൾ ഞാൻ പരാമർശിക്കാൻ ഉദ്ദേശിക്കുന്നില്ല. പുരോഗമനപരമായ നികുതി സംപ്രദായങ്ങളും അംഗീകരിക്കാൻ ചില പരിമിതികളും ഈ ഗവണ്മെൻറിനുണ്ടെന്നുകാര്യം വിസ്മരിച്ചുകൊണ്ടല്ല ഞാൻ ഇതു പറയുന്നതു്. എന്നിരുന്നാലും കൂടുതൽ തുകയ്ക്കു്, പതിനായിരത്തിനു മേലുള്ള തുകയ്ക്കു് കൂടുതൽ ചുമത്താൻ വേണ്ട നടപടികളും സ്വീകരിക്കണമെന്നു് പറയാൻ ഞാനാഗ്രഹിക്കുന്നു. അതുപോലെതന്നെ ഈ കമ്മിറ്റി റിപ്പോർട്ടിൽ ഒരു കാര്യം പറഞ്ഞിട്ടുണ്ടു്; ഇവേഷനെപ്പറ്റി (നികുതി വെട്ടിപ്പിനെപ്പറ്റി) സ്റ്റാമ്പുഡ്യൂട്ടിയിൽനിന്നും ഒഴിവാകുന്നതിനെ തടയുന്നതിനുള്ള അധികാരം സബ് രജിസ്റ്റാർക്കു് കൊടുത്തിട്ടുണ്ടു്. യഥാർത്ഥത്തിൽ സബ്രജിസ്ട്രാർക്കു കൊടുത്തിട്ടുള്ള ഈ അധികാരം എത്രമാത്രം വിനിയോഗിച്ചിട്ടുണ്ടെന്നുള്ളകാര്യം ആരെങ്കിലും പരിശോധിച്ചിട്ടുണ്ടോ? ഈ അധികാരം അവർ വിനിയോഗിച്ചിട്ടുണ്ടെന്നു് എനിക്കു് അഭിപ്രായമില്ല. ഇപ്പോഴും ഇതുപോലുള്ള ഇവേഷൻ നടക്കുന്നുണ്ടു്. അണ്ടർ വാല്യുവേഷൻ നടക്കുന്നുണ്ടു്. 20,000 രൂപാ വിലയുള്ള വസ്തുവിനു് രണ്ടായിരം മൂവായിരം രൂപാ വിലകാണിച്ചുകൊണ്ടു് സബ്രജിസ്ട്രാർമാരുടെ മുമ്പാകെവന്നാൽ അവർ രജിസ്റ്റർചെയ്തു കൊടുക്കുന്നുണ്ടു്. അതുമൂലം ഗവണ്മെൻറിനു് വളരെ ഭീമമായ നഷ്ടമുണ്ടായിക്കൊണ്ടിരിക്കുകയാണു്. ചില രജിസ്ട്രാറന്മാരുടെകാര്യം പറയുകയാണെങ്കിൽ വളരെ രസമാണു്. ഒരു ആധാരം രജിസ്റ്റർ ചെയ്യണമെങ്കിൽ ആ ആധാരത്തോടൊന്നിച്ചു് 5 രൂപാകൂടി വച്ചുകൊടുക്കണം. എങ്കിൽമാത്രമേ പ്രമാണം രജിസ്റ്റർ ചെയ്തുകിട്ടുകയുള്ളൂ. ഇങ്ങനെ നിരവധി പരാതികളും രജിസ്റ്റാർമാരെ സംബന്ധിച്ചുതന്നെ ഉണ്ടാകുന്നുണ്ടു്. രണ്ടാഴ്ചമുമ്പു് എനിക്കു് ഇതുപോലെ ഒരു പരാതികിട്ടി. അതിൽ പറഞ്ഞിട്ടുണ്ടു്, ചില സ്ഥലങ്ങളിൽ രണ്ടുരൂപായും ചില സ്ഥലങ്ങളിൽ അഞ്ചു രൂപായും കൊടുത്തെങ്കിൽ മാത്രമേ ആധാരം രജിസ്റ്റർചെയ്തു കിട്ടുകയുള്ളൂ എന്നു്. നാലഞ്ചു പ്രാവശ്യം രജിസ്ട്രാറാഫീസിൽ കയറിച്ചെന്നാലല്ലാതെ ആധാരം കിട്ടാറില്ല. അതിൻറെ കൂട്ടത്തിൽ ഈ ആളിനെത്തന്നെ അണ്ടർ വാല്യുവേഷൻ കണ്ടുപിടിക്കാൻ അധികാരപ്പെടുത്തിയാൽ എങ്ങനെ നടക്കുമെന്നു് നമുക്കു് ഊഹിക്കാൻ കഴിയുന്നതാണു്. ഈ കാര്യത്തിൽ നല്ല ശ്രദ്ധപതിപ്പിച്ചാൽ ഗവണ്മെൻറിനു് വേണ്ടത്ര തുക ഉണ്ടാക്കാൻ സാധിക്കും. കൂടുതൽ തുക ഈ കാര്യത്തിൽ ഉണ്ടാക്കാം. അതുപോലെതന്നെ സ്റ്റാമ്പിൻറെ കാര്യത്തിൽ 25 പൈസയുടേയും മറും സ്റ്റാമ്പുകിട്ടാൻ വളരെ പ്രയാസമുണ്ടു്. ശിവകാശി പ്രസ്സിലാണു് ഇതു് അച്ചടിച്ചതു്.

ശ്രീമതി കെ. ആർ. ഗൗരി : സെൻട്രൽ ഗവണ്മെൻറിൻറെ ഡിപ്പോയിൽ നിന്നുമാണു് നമുക്കു് കിട്ടുന്നതു്. ശിവകാശിയിൽ അച്ചടിക്കുന്നതു് ഫോട്ടോ ടിക്കറാണു്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : സ്റ്റാമ്പു് എവിടെനിന്നും കിട്ടുന്നതായാലും ശരി, 25 പൈസയുടേയും 50 പൈസയുടേയും സ്റ്റാമ്പു കിട്ടാൻ വളരെ പ്രയാസമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ 25 പൈസയുടെ പകരം ഒരു രൂപയുടെ സ്റ്റാമ്പു ഒട്ടിക്കേണ്ടിവരുന്നുണ്ട്. അല്ലെങ്കിൽ ഈ സ്റ്റാമ്പു കിട്ടാനുള്ള സൗകര്യംകൂടി ഉണ്ടാക്കേണ്ടതു് ആവശ്യമാണു്. ഇത്തരംകാര്യങ്ങളിൽശ്രദ്ധപതിപ്പിക്കണമെന്നും പ്രധാനമായും അന്തർവാല്യുവേഷന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധചെലുത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണു്.

ശ്രീ. എൻ. കണപതി : സർ, ഇന്ത സ്ടാം ഡ്യൂട്ടിയെപ്പറ്റി ചില വാർത്തകൾ പേച വിരുമ്പുകിറേൻ. അതാവതു ഇതിൽ ഹരിജനങ്കളുക്കു എക്സെമ്പ്ഷൻ ഇരുന്തുള്ളതു. മുൻപു ഇരുന്ത വിതിപ്പിരകാരം ഹരിജനങ്കളുക്കു സ്ടാമ്പു എന്ത വിണ്ണപ്പമും മറ്റും കോടതികളിൽ ഒട്ടത് തേവൈ ഇല്ലൈ. ആനാൽ പലരും ഇതൈപ്പറ്റി കൂടുതൽ അറിവതില്ലൈ. അപിപ്പിരായമും കൂറവില്ലൈ. ഇതിലിരുന്തു നാം കരുതുവതു എന്നവെൻറാൽ ഹരിജനങ്കൾ മേൽ അക്കറൈ കാട്ടവില്ലൈ എൻപതു തെളിവാകിറതു. എങ്കു ചെൻറാലും ഏഴൈകളുക്കു ഇടമില്ലൈ. എന്ത കവർമെൻട് വന്താലും പണക്കാരർകളുക്കുത് താൻ എല്ലാ വചതികളും കൂടുതൽ ചെയ്തുകൊടുക്കിറതു. എതുവാനാലും പാവപ്പട്ട ഹരിജനങ്കൾ മികവും കഷ്ടപ്പടുകിറാർകൾ എൻപതൈ എന്നാൽ സൊല്ലാമലിരുക്ക മുടിയാതു. മുക്കിയമാക ഇന്ത മചോതാവിൽ ഇവർകളുക്കു വിതിവിലക്കു അളിക്കപ്പടവില്ലൈ എൻപതാക തോൻറുകിറതു. ഇന്ത മചോതാവിൽ തെളിവാക്കപ്പടവേണ്ടും. അതനാൽ നാൻ സൊല്വതു എന്നവെൻറാൽ മുക്കിയമാക ഹരിജനങ്കളുക്കു ഇതിൽ വിതിവിലക്കു അല്ലതു എക്സെമ്പ്ഷൻ കൊടുക്കവേണ്ടും. മേലും ഇതൈ ഉറുതിയുടൻ തെളിവാക്ക ഒരു സെക്ഷൻ സേർക്കവേണ്ടും. മേലും പാവപ്പട്ട ഹരിജനങ്കളുക്കു പെട്ടിഷൻ എഴുതക്കൂട തെരിയാത നിലൈ ഏർപ്പട്ടിരുക്കിറതു എൻപതൈയും ഇന്ത സപൈയിൽ തെരിവിത്തുക്കൊൾകിറേൻ.

അടുത്തപടിയാക നമതു സർക്കാർ ലാട്ടറി ഒൻറു തൊടങ്കപ്പട്ടതു. അതിൽ അനന്തമ്പിള്ളൈ ടിക്കട് വിർകപ്പടുവതാക കൂറപ്പടുകിറതു. അതാവതു അതിൽ കൂടുതൽ കള്ള ടിക്കെട് എൻപതു എല്ലോരും അറിന്ത വിഷയം. അതൈപ്പറ്റി നാൻ കൂടുതൽ എടുത്തുക് കൂറ വിരുമ്പവില്ലൈ. അതുപോൻറു സ്ടാമ്പു ടിയൂടിയിലും കള്ളത്തനം കള്ളസ്ടാമ്പു അച്ചടിക്കപ്പടാമൽ ഇരുക്ക തക്ക ഏർപാടു ചെയ്യവേണ്ടുമെൻറു മന്ത്രിരി അവർകളൈ കേട്ടുക്കൊൾകിറേൻ. പൊതുവാക പിർലാ, ടാട്ടാ പോൻറ പെരിയ മുതലാളികൾ പോൻറവർകളിടം സ്ടാമ്പു ടിയൂട്ടി വാങ്കലാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഹരിജനങ്ങൾക്കും അഫിഡവിറിനും സ്റ്റാമ്പു വേണ്ടായെന്നാണോ മി. ഗണപതി പറയുന്നതു്?

ശ്രീ. എൻ. കണപതി : ജോസപ് ചാഴികാട് സൊൽവതും സരിതാൻ. ഇന്ത സർക്കാർ സോഷ്യലിസം വേണ്ടുമെൻറു സൊൽവതെല്ലാം പിരസങ്ക അളവിൽ താൻ. സെയ്കയിൽ ഇല്ലൈ. അടുത്തപടിയാക നമതു പിരതമർ ഇന്തിരാ കാന്തിയും സോഷലിസം കൊൺടുവര അരും പാടുപടുകിറാർ. അതുവും പേച്ചളവിൽ താൻ എൻപതു തെളിവാകിറതു, പാങ്കുകൾ തേചിയമാക്കപ്പട്ടതു ഇന്ത സർക്കാർ ആട്ചിയിൽതാൻ. ഇരുന്താലും പണം പടൈത്തവർകൾതാൻ പലവാൻ എൻറ അടിപ്പടൈയിൽ ആട്ചി പുരികിൻറാർകൾ. സോഷലിസം സൊല്ലുകിറാർകളേ തവിര ഉണ്മൈയിൽ സോഷലിസം അല്ല.

ശ്രീ ജോസഫ് ചാഴിക്കാടൻ : ഹരിജനങ്ങളെമാത്രം ഒഴിവാക്കണമെന്നു പറയുകയാണെങ്കിൽ ഞാൻ ഒരു ഹരിജനാണെന്നുപറഞ്ഞാൽ എനിക്കു തരാമല്ലോ. അല്ലെങ്കിൽ സകല ആളുകളെയും ഒഴിവാക്കണമെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കണപതി : எனது முக்கிய நோக்கம் என்னவென்றால் ஸ்டாம்பு டியூட்டியிலிருந்து ஹரிஜனங்களுக்கு விதிவிலக்கு அல்லது எக்ஸம்ஷன் அளிக்கப் படவேண்டும். நான் கூறியபடி நடப்பதாக நிலவருமான மந்திரி அவர்கள் உறுதி அளிக்கப்பட்டதால் நான் ஜயித்துவிட்டேன் இவ்விஷயத்தில். என் நோக்கமும் வெற்றிபெற்றது. அந்த உறுதியின் பேரில் நான் கூடுதலாக பேச நிற்கவில்லை. இத்துடனை நிறுத்திக்கொள்கிறேன்.

ശ്രീ. എ. വി. ആര്യൻ : സർ, ഈ ബില്ലിൽ പൊതുവേ എല്ലാ സ്റ്റാമ്പിനും ഡ്യൂട്ടി വർദ്ധിപ്പിച്ചിരിക്കുകയാണു്. ഇതിന്റെ ഓബ്ജക്ട് ആൻഡ് റീസൺസിൽ പറയുന്നതു്. ".....fresh avenues of revenue for raising additional resources required for the implementation of the Five Year Plan schemes ....."എന്നാണു്. പഞ്ചവത്സരപദ്ധതിക്കാണെന്നു പറഞ്ഞുകൊണ്ടു് സർവ്വകാര്യത്തിനും നികുതി ചുമത്തിയാൽ അതിന്റെ ഭാരമെല്ലാം വന്നുവീഴുന്നതു് പാവപ്പെട്ടവന്റെ തലയിലായിരിക്കും. അപ്പോഴും പ്രമാണിമാക്കുള്ള ആനുകൂല്യങ്ങളും കൂടുകയേ ഉള്ളൂ. പഞ്ചവത്സരപദ്ധതിക്കും മറ്റും പൈസ ഈടാക്കണമെങ്കിൽ അതിനുള്ള മാർഗ്ഗം വേറെനോക്കാം. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രസംഗിച്ചപ്പോഴും ഇവേഷനെസംബന്ധിച്ചു് പറയുകയുണ്ടായി. ഗവണ്മെന്റിന്റെ പ്രവർത്തനത്തിന്റെ ഫലമായി പല സ്ഥലത്തും ഭൂമിയുടെ വില കൂടുന്നു. 10 രൂപ വിലയുണ്ടായിരുന്ന ഭൂമിക്കു് ഇപ്പോൾ 1000 രൂപയാണു്. ആ സ്ഥലങ്ങളിലൊക്കെ പ്രമാണിമാർ കൂടുതൽ ഭൂമി വാങ്ങി ആധാരത്തിൽ കുറച്ചു വിലകൊള്ളിച്ചു് പാറിപ്പു നടത്തുകയാണു്. സർ, നാമൊക്കെ പാടിപ്പുകഴ്ത്തുന്ന പഞ്ചവത്സരപദ്ധതിക്കുവേണ്ടി പാവപ്പെട്ടവൻ ഒരു ബീഡി വലിക്കുമ്പോൾ നാലിനത്തിലുള്ള നികുതിയാണു് ഈടാക്കുന്നതു്. അതേ അവസരത്തിൽ പ്രമാണിമാരിൽനിന്നും അതുപോലും നികുതി ഈടാക്കുന്നില്ല. പാവപ്പെട്ടവൻ ഒരു ബീഡി കത്തിച്ചു വലിക്കുമ്പോൾ അവനു് അതിന്റെ ചുക്കയുടെ ടാക്സ് കൊടുക്കണം, ഇലയുടെ ടാക്സ് കൊടുക്കണം, അതു കെട്ടുന്ന നൂലിന്റെ ടാക്സ് കൊടുക്കണം. അതുകഴിഞ്ഞു് ഇപ്പോൾ സ്റ്റാമ്പിന്റെ ഡ്യൂട്ടിയും കൂടിയിരിക്കുകയാണു്. ഇതിന്റെയെല്ലാം ഭാരം പാവപ്പെട്ടവന്റെ തലയിലാണു് സർ, വന്നുവീഴുന്നതു്. അതേ അവസരത്തിൽ പഞ്ചവത്സരപദ്ധതികൾ രണ്ടുമുന്നെണ്ണം കഴിഞ്ഞപ്പോൾ മുൻപു് 61 കോടി രൂപ മൂലധനമുണ്ടായിരുന്ന ആളുകൾ ഇന്നു് 150—ഉം 160—ഉം കോടി രൂപ മൂലധനമുള്ള പ്രമാണിമാരായിട്ടുണ്ടു്. പഞ്ചവത്സരപദ്ധതിയെന്നു പറഞ്ഞാൽ കുറെ ആളുകൾക്കുമാത്രം പണമുണ്ടാക്കാനുള്ള ഒരു പദ്ധതിയാണെന്നു് കുത്തകാന്വേഷണക്കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. ആ ഒരു സംഗതി സ്റ്റാമ്പിന്റെ കാര്യത്തിലും ഉണ്ടായിട്ടുണ്ടു്. സർ, ഈ രാജ്യത്തു് ഒരു ഹരിതവിപ്ലവം നടക്കുകയാണു്. പാവപ്പെട്ടവനു് കോടതിയിൽ പോകണമെങ്കിൽപ്പോലും സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കണമെന്നാണു് വന്നിരിക്കുന്നതു്. സർ, ഇതിനെക്കുറിച്ചു വളരെയധികം സംസാരിച്ചു് സമയംനീട്ടണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. പാവപ്പെട്ട ആളുകളെ, അതായതു് ഹരിജനങ്ങളെ ഒഴിവാക്കിയിട്ടുണ്ടെന്നു പറഞ്ഞു. അങ്ങനെയായാൽ അതു ശരിയാകുകയില്ല. ഹരിജനങ്ങളിൽതന്നെ തേയിലത്തോട്ടങ്ങളും ഉള്ള ആളുകളുണ്ടു്. ഇവേഷനെ തടയുന്നതിനുവേണ്ടി ഗവണ്മെന്റു് ക്രിപ്പമായ വില നിശ്ചയിക്കണം. അതുപോലെതന്നെ ഇരുപതിനായിരം രൂപയിൽ കവിഞ്ഞു വരുമാനമുള്ള ആളുകളാണെങ്കിൽ അവരുടെമേൽ കൂടുതൽ നികുതി ചുമത്തുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കണം. അതല്ലാതെ ഇങ്ങനെ എല്ലാവർക്കുംകൂടി ഒരു കൊട്ടത്തപ്പു് എന്നുള്ള നിലയിൽ പറഞ്ഞാൽ അതു് തട്ടിപ്പുകാരനെയും വെട്ടിപ്പുകാരനെയും ബാധിക്കുകയില്ല. തട്ടിപ്പും വെട്ടിപ്പും പോക്കറടിയുമൊക്കെ നടത്തുന്നതു് ഈ രാജ്യത്തെ പ്രമാണിമാരാണു്. ആ പ്രമാണിമാരെ തടയുന്നതിനുള്ള നടപടിയൊന്നും ഗവണ്മെന്റു് സ്വീകരിച്ചിട്ടില്ല. ഈ രാജ്യത്തു് പകൽമുഴുവൻ കൊള്ള നടത്തുന്നതു് ഈ രാജ്യത്തെ പ്രമാണിമാരാണു്, അവരാണു സർ, ഈ രാജ്യത്തെ ഭരണം നടത്തുന്നതു്. അവരാണു് ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുന്നതു്. അവരാണു് സക്കാ

LIBRARY ARCHIVES Kerala Legislative Assembly

രിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതു്. ആ വർഗ്ഗം ഇപ്പോഴും കോടതിയെ നിയന്ത്രിക്കുന്നതിനുള്ള പരിശ്രമത്തിലാണു്. ആ വർഗ്ഗത്തിന്റെ മേൽ നികുതി ചുമത്താതെ സർവ്വകാര്യങ്ങളും കൂടി പാവപ്പെട്ടവന്റെ മേൽനികുതി ചുമത്തി സർക്കാരിന്റെ പ്രവർത്തനങ്ങളും കൂടി പണമുണ്ടാക്കുക എന്നുള്ള നയം വെട്ടിപ്പും തട്ടിപ്പും നടത്തുന്ന പ്രമാണി വർഗ്ഗത്തിന്റെ സർക്കാരാണു് തുടങ്ങിവച്ചതു്. കഴിഞ്ഞ ഇരുപതുവർഷമായി ഈ പണി നിർബാധം നടന്നുവരികയാണു്. ഇങ്ങനെ കിട്ടുന്ന പണമെല്ലാം ടാറാ, ബിർളാ മുതലായ കമ്പനികളെ ഏല്പിച്ചിട്ടു് തിരഞ്ഞെടുപ്പുവരുമ്പോഴും ലക്ഷക്കണക്കിനു രൂപയുടെ ചെക്കെഴുതിവാങ്ങിക്കും. അങ്ങനെ അവസാനം അതും പാവപ്പെട്ടവന്റെ തലയിൽ അടിച്ചേല്പിക്കും. ഈ പണി ഐക്യമുന്നണി ഗവണ്മെന്റു് ഉപേക്ഷിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. സാമ്പത്തികമായി വരുമാനം കുറവുള്ള ആളുകളാണെങ്കിൽ അവരെ സ്റ്റാമ്പുഡ്യൂട്ടിയിൽനിന്നു് ഒഴിവാക്കണം. ഞാൻ ഒരു നിയമവിദഗ്ദ്ധനല്ലാത്തതുകൊണ്ടു് എനിക്കു് അതിന്റെ നിയമപരമായ വശങ്ങളറിഞ്ഞുകൂടാ. അതു് ബഹുമതപ്പെട്ട മന്ത്രി ഭേദഗതിയെന്നുള്ള നിലയിൽ ഇവിടെ കൊണ്ടുവരുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ആ ഭേദഗതിക്കുടി അവതരിപ്പിക്കുന്നതിനു് വേണ്ട സമയമെടുത്തുകൊണ്ടു് ഈ ബിൽ പാസാക്കിയെടുക്കണമെന്നാണു് എനിക്കു് അഭ്യർത്ഥിക്കാനുള്ളതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : സർ, ഈ ബിൽ കൊണ്ടുവന്ന സന്ദർഭത്തിൽ ഗവണ്മെന്റു് കാര്യമായി ആലോചിച്ചില്ലെന്നാണു് എനിക്കു് പറയാനുള്ളതു്. അതുകൊണ്ടാണു് ഇതിനെസംബന്ധിച്ചു സംസാരിക്കാൻതന്നെ ഞാൻ തീരുമാനിച്ചതു്. ഇതിനുമുൻപു് 1964—ലും അതിനുമുൻപും രണ്ടുപ്രാവശ്യവും സ്റ്റാമ്പുഡ്യൂട്ടി വർദ്ധിപ്പിച്ചു. ഒരു പ്രാവശ്യം 66 ശതമാനവും ഒരു പ്രാവശ്യം 33 ശതമാനവുമാണു് വർദ്ധിപ്പിച്ചതു്. ആ സന്ദർഭങ്ങളിൽ സാധാരണഗതിയിൽ എല്ലാ കാര്യങ്ങളിലും സ്വീകരിക്കുന്ന ഒരു സമീപനരീതി സ്വീകരിച്ചുകാണുന്നില്ല. ടാക്സേഷൻ എൻക്വയറി കമ്മിറ്റി റാഷണലൈസേഷൻ വേണമെന്നു് റിപ്പോർട്ട സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ റാഷണലൈസേഷൻ നടപ്പാക്കി. കമ്മിറ്റിയുടെ സമീപനം ശരിയല്ല. അതാണു് ഗവണ്മെന്റു് സ്വീകരിച്ചിരിക്കുന്നതു്. അതുകൊണ്ടു് ഇതു് ഏതേതു ഭാഗക്കാരെ എങ്ങനെയെങ്ങനെ ബാധിക്കുന്നു എന്നുള്ളതു് പരിശോധിക്കേണ്ടതുണ്ടു്. അങ്ങനെ പരിശോധിച്ചുകൊണ്ടു സാധാരണജനങ്ങളെ ബാധിക്കുന്ന നികുതികളെല്ലാം എടുത്തുകളയണം. പൂർണ്ണമായും എടുത്തുകളയാൻ കഴിയുകയില്ലെങ്കിൽ ഭാരമെങ്കിലും കുറച്ചു് വളരെക്കൂടുതൽ സാമ്പത്തികവരുമാനമുള്ള ആളുകളുടെ മേൽ നികുതി ചുമത്തണം.

സ്റ്റാമ്പുഡ്യൂട്ടിയുടെ കാര്യത്തിലും ഈ സമീപനരീതി സ്വീകരിക്കേണ്ടിയിരിക്കുന്നു. റാഷണലൈസേഷൻ വേണമെന്നു ടാക്സേഷൻ എൻക്വയറി കമ്മിറ്റി പറഞ്ഞു; റാഷണലൈസേഷൻ ഉണ്ടാക്കി. എന്നാൽ ഇങ്ങനെയൊരു വീക്ഷണം ടാക്സേഷൻ എൻക്വയറി കമ്മിറ്റിയും വച്ചുപുലർത്തിയില്ല എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. നികുതി ചുമത്തുന്നതു് സാധാരണക്കാർക്കു് ആശ്വാസം നൽകുന്ന രീതിയിലായിരിക്കണമെന്ന വീക്ഷണത്തോടുകൂടി ടാക്സേഷൻ എൻക്വയറി കമ്മിറ്റി സമീപിച്ചിട്ടില്ല. അങ്ങനെയൊരു സമീപനം സ്വീകരിക്കണമെന്നു് ഈ ഗവണ്മെന്റു് ഉറച്ച തീരുമാനമെടുക്കണം. സ്റ്റാമ്പുഡ്യൂട്ടിയുടെ കൂട്ടത്തിൽ, അക്നോളജ്മെന്റിന്റെ കാര്യംതന്നെ എടുക്കുക; അതിനു് 10 പൈസയേ ഉണ്ടായിരുന്നുള്ളൂ. അതു് 20 പൈസയാക്കി വർദ്ധിപ്പിച്ചു; നേരെ ഇരട്ടിയാക്കി. ഇങ്ങനെ, ഒരു പ്രിൻസിപ്പിളും ഇല്ലാതെ, വർദ്ധിപ്പിക്കുന്നരീതി ഉപേക്ഷിക്കണം.

സ്റ്റാമ്പുഡ്യൂട്ടിയിൽനിന്നു് ഹരിജനങ്ങളെ ഒഴിവാക്കിയിട്ടുണ്ടു്. പക്ഷേ അതിന്റെ ഫലം അവർക്കു കിട്ടുന്നില്ല. ഒരു കമ്മ്യൂണിറ്റി സർട്ടിഫിക്കാറിനു പോകുന്ന അവസരത്തിൽപോലും ഈ വിഭാഗക്കാർ സ്റ്റാമ്പുഡ്യൂട്ടി കൊടുത്തുകൊണ്ടിരിക്കുന്നുവെന്നതാണു് യാഥാർത്ഥ്യം. അതുകൊണ്ടു് ഇവരെ ഒഴിവാക്കാൻ കർശനമായ നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

നൽകേണ്ടിയിരിക്കുന്നു. സ്റ്റാമ്പുഡ്യൂട്ടിയിൽനിന്നു് ഒഴിവാക്കിയിട്ടുണ്ടെന്നു് നല്ല വണ്ണമറിയാവുന്ന ചുരുക്കംചില ആളുകൾക്കൊഴിച്ചു് മറ്റുള്ളവർക്കു് ഇന്നും ഈ ഒഴിവാക്കലിന്റെ ആനുകൂല്യം കിട്ടുന്നില്ല.

ഇന്നു് അതിഭയങ്കരമായ തോതിൽ സ്റ്റാമ്പുഡ്യൂട്ടി വെട്ടിപ്പു് നടക്കുന്നുണ്ടു്. വസ്തു കച്ചവടം ചെയ്യുമ്പോഴും ഒരിക്കലും യഥാർത്ഥവില കാണിക്കാറില്ലെന്നായിരിക്കുകയാണു്. ലാൻഡ് അക്വയർ ചെയ്യുമ്പോൾമാത്രം കൂടുതൽ വില കിട്ടുന്ന രേഖയുണ്ടാക്കാറുണ്ടു്. അതിനു സ്റ്റാമ്പുഡ്യൂട്ടി കൊടുക്കണം. അതുകഴിഞ്ഞാൽ രജിസ്ട്രേഷൻ നടക്കുന്ന ഒരൊറ്റ വസ്തു കച്ചവടത്തിലും യഥാർത്ഥ വില ആധാരത്തിൽ കാണുകയില്ല. പതിനായിരവും പതിനയ്യായിരവും വിലയുള്ളതു് രണ്ടായിരവും നാലായിരവുമായി കാണിച്ചാണു് സ്റ്റാമ്പുഡ്യൂട്ടി വെട്ടിച്ചുകൊണ്ടിരിക്കുന്നതു്.

ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ : ലേബർ വകുപ്പുമന്ത്രി 6 ഏക്കർ വസ്തു 1500 രൂപയ്ക്കു വാങ്ങിയതിൽ സ്റ്റാമ്പുവെട്ടിപ്പു് ഉണ്ടോ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ : അതെനിക്കറിയില്ല. ഈ രാജ്യത്തു സ്ഥിരമായി നടക്കുന്ന ഒരു സംപ്രദായത്തെപ്പറ്റിയാണു് ഞാൻ പറഞ്ഞതു്. അതുകൊണ്ടു് സ്റ്റാമ്പുഡ്യൂട്ടിയിൽനിന്നു് രക്ഷപ്പെടാൻ ശ്രമിക്കുന്നവരിൽനിന്നു് അതു് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീ. എം. കെ. എ. ഹമീദ് : സർ, ഈ ബില്ലിന്റെ ഓബ്ജെക്റ്റ്സ് ആൻഡ് റീസൺസിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളതു് ടാക്സേഷൻ എൻക്വയറിക്കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചു് പഞ്ചവത്സരപദ്ധതിക്കു് വേണ്ടത്ര പണം കണ്ടെത്തുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ ബില്ലു് അവതരിപ്പിച്ചിട്ടുള്ളതു് എന്നാണു്. ഈ ബില്ലിലെ നിർദ്ദേശങ്ങളും പഞ്ചവത്സരപദ്ധതിക്കു വേണ്ടത്ര പണം കണ്ടെത്തുന്ന കാര്യത്തിൽ അത്ര വലിയ സംഭാവനയൊന്നും ചെയ്യുവാൻ പോകുന്നില്ല. ഇന്നലെ ഈ സഭയിൽ നടന്ന ഡിമാൻറുകളെക്കുറിച്ചുള്ള ചർച്ചാവേളയിൽ നാം കേൾക്കുകയുണ്ടായി, ഓരോ മെമ്പറും തന്റെ നിയോജകമണ്ഡലത്തിൽ പാലം വേണം, തോട്ടുകാംവേണം, ഇറിഗേഷൻ പ്രോജക്റ്റുകൾവേണം എന്നൊക്കെയുള്ള ആവശ്യങ്ങൾ ഉന്നയിക്കുന്നതു്. അതൊക്കെ ആവശ്യവുമാണു്. വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ കേരളം ഇൻഡ്യയിൽ വളരെ പിന്നോക്കം നില്ക്കുന്ന ഒരു സംസ്ഥാനമാണു്. നിർഭാഗ്യവശാൽ നാം ആഗ്രഹിക്കുന്നരീതിയിൽ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകാൻ വേണ്ടത്ര പണം ഇല്ലാത്ത ഒരു സാഹചര്യമാണിന്നുള്ളതു്. നമുക്കു് പഞ്ചവത്സരപദ്ധതിക്കു പണം കിട്ടുന്നതു് പ്രധാനമായും കേന്ദ്രഗവണ്മെൻറിൽനിന്നുള്ള ലോണുകളും ഗ്രാൻറുകളും വഴിയാണു്. ഏറിയകൂറും ലോൺ ആണു്. നാം മുന്നോട്ടുവച്ചിട്ടുള്ള ആവശ്യത്തിന്റെ പകുതിപോലും നിറവേറ്റാൻ കേന്ദ്രഗവണ്മെൻറു് തയ്യാറായിട്ടില്ല എന്നുള്ള വസ്തുത നമുക്കറിയാം. അങ്ങനെയുള്ള പരിതഃസ്ഥിതിയിൽ ചെറിയ തോതിലെങ്കിലും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻസാധിക്കണമെങ്കിൽ, നമ്മുടെ സംസ്ഥാനത്തുനിന്നതന്നെ സമാഹരിക്കാവുന്ന ഓരോ പൈസയും സമാഹരിക്കേണ്ടതുണ്ടു്. ഓരോ പൈസയും അത്രകണ്ടു് വിലയുള്ളതാണു്. അഖിലേന്ത്യാടിസ്ഥാനത്തിൽ പണപ്പെരുപ്പവും വിലക്കയറ്റവും അത്യുഗ്രമായ നിലയിൽ ആയിട്ടുണ്ടെങ്കിൽപ്പോലും ഇൻഡ്യയിലെ മറ്റുചില പ്രദേശങ്ങളിൽ വികസനപ്രവർത്തനങ്ങളുടെ ഫലമായിട്ടു് ചില നേട്ടങ്ങളും ഉണ്ടായിട്ടുണ്ടു്. നിർഭാഗ്യവശാൽ കേരളീയർക്കു് വികസനപ്രവർത്തനങ്ങളുടെ ന്യായമായ ഓഹരി കിട്ടാതെയിരിക്കുകയും, വിലക്കയറ്റത്തിന്റെ കെടുതികൾ അനുഭവിക്കാൻ പൂർണ്ണമായ അവസരം കിട്ടുകയും ചെയ്തിരിക്കുകയാണു്. സർക്കാരുദ്യോഗസ്ഥന്മാർക്കു് അലവൻസും ശമ്പളവും കൂട്ടിക്കൊടുത്തു് പ്രതിവർഷം 18 കോടി രൂപക്കൊള്ളുന്ന അധികച്ചെലവു വഹിക്കാൻ നാം നിർബന്ധിതരായ പരിതഃസ്ഥിതി നമുക്കറിയാം. വാണംപോലെ വില കയ

LIBRARY ARCHIVES Kerala Legislative Assembly

റിക്കൊണ്ടിരിക്കുന്ന സമയത്തു് അങ്ങനെയൊരു നടപടി സ്വീകരിക്കാതിരിക്കാൻ ഗവണ്മെൻറിനു നിർവ്വാഹമില്ല. ഭീമമായ തുക സർക്കാരുദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനും ഡിയർനസ്സ് അലവൻസിനും നീക്കിവയ്ക്കേണ്ടിവരുമ്പോഴും, സ്വാഭാവികമായും അതിൻെറ ആഘാതം വികസനപ്രവർത്തനങ്ങളുടെമേലാണുണ്ടാകുന്നതു്. പ്രതിവർഷം 18. കോടി രൂ. വീതം പഞ്ചവത്സരപദ്ധതിയുടെ കാലയളവായ അഞ്ചുകൊല്ലത്തേക്കു കണക്കാക്കുമ്പോഴും, 90 കോടി രൂ. യാകും. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കേരളത്തിൽ ചെലവാക്കിയതിനേക്കാളും 3 കോടി രൂ. കൂടുതലാണിതു്. ഇങ്ങനെയൊരു ചുറുപാടിലകപ്പെട്ട കഷ്ടപ്പെടുന്ന സംസ്ഥാനമായ കേരളത്തിൽ, പാവപ്പെട്ടവരുടെ ബുദ്ധിമുട്ടു ഒഴിവാക്കാൻ എന്തെങ്കിലും ചെയ്യണമെന്നു് എത്രയെല്ലാം ആഗ്രഹിച്ചാലും സാധിക്കുന്നില്ല. കേരളം മുഴുവൻതന്നെ പാവപ്പെട്ടവരുടെ ഒരു സംസ്ഥാനമാണു്. ഏതാണ്ടു് 100 ശതമാനം ആളുകളും പാവപ്പെട്ടവരാണു്. ബഹുമാനപ്പെട്ട ആര്യൻ പറയുകയുണ്ടായി, പാവപ്പെട്ടവരെ പരിപൂർണ്ണമായി ഒഴിവാക്കിക്കൊണ്ടു് പണക്കാരിൽനിന്നു് നികുതി ഈടാക്കണമെന്നു്. ഞാൻ അതിൻെറ തത്വത്തോടു് യോജിക്കുകയാണു്; നല്ലകാര്യവുമാണു്. പക്ഷേ, ഇൽഡ്യയിൽ നിലവിലിരിക്കുന്ന യാഥാർത്ഥ്യങ്ങളും കണക്കിലെടുക്കുമ്പോഴും, ഭരണഘടനയും മറ്റും സമ്പന്നവിഭാഗങ്ങൾക്കു നൽകുന്ന ആനുകൂല്യവും ഇന്നത്തെ സാമ്പത്തികവും രാഷ്ട്രീയവുമായ അന്തരീക്ഷവും കണക്കിലെടുത്തുകൊണ്ടു് നോക്കുമ്പോഴും, നാം ആഗ്രഹിക്കുന്ന രീതിയിൽ ഈ പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ സാധിക്കുമോ എന്നു് സംശയമാണു്. ഏതായാലും ഭരിക്കാൻവന്ന; ഭരിച്ചേ ഒക്കൂ. അതിനവേണ്ടി പണം കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ എത്ര വേദനനിറഞ്ഞതായാലും സ്വീകരിക്കാതിരിക്കാൻ നിവൃത്തിയില്ലെന്നുള്ളതാണു് എനിക്കു എടുത്തുപറയാനുള്ളതു്.

ബഹുമാനപ്പെട്ട മന്ത്രിപറഞ്ഞതു്, ടാക്സേഷൻ എൻക്വയറി കമ്മിറ്റിയുടെ ശുപാർശപ്രകാരമാണു് ഈ ബില്ലു് ആവിഷ്കരിച്ചു് അവതരിപ്പിച്ചിട്ടുള്ളതു് എന്നാണു്. എന്നാൽ ടാക്സേഷൻ എൻക്വയറിക്കമ്മിറ്റി പറഞ്ഞിട്ടുള്ള ചില നല്ല കാര്യങ്ങളെങ്കിലും വിട്ടുപോയിട്ടുണ്ടു് എന്നു ചൂണ്ടിക്കാണിക്കേണ്ടിവന്നതിൽ ഖേദമുണ്ടു്.

സ്റ്റാമ്പുഡ്യൂട്ടിയിൽനിന്നു് എക്സംപ്ഷൻ കൊടുത്തിട്ടുള്ള ചില വിഭാഗങ്ങളുണ്ടു്. വനവിഭവങ്ങളും ശേഖരിക്കുന്നതിനുള്ള കാൺട്രാക്ടുകളെ സ്റ്റാമ്പുഡ്യൂട്ടിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടു്. അതു് പിൻവലിക്കേണ്ടതാണെന്ന ഒരു വ്യക്തമായ നിർദ്ദേശം ടാക്സേഷൻ എൻക്വയറിക്കമ്മിറ്റി വച്ചിരുന്നതാണു്. എന്തുകൊണ്ടാണു് ആ നിർദ്ദേശം ഗവണ്മെൻറു് സ്വീകരിക്കാതിരിക്കുന്നതു് എന്ന മനസ്സിലായില്ല. ഗവണ്മെൻറുദ്യോഗസ്ഥന്മാർ സർക്കാരിൽനിന്നു് വാസ്തു എടുക്കുമ്പോഴും, ആവശ്യമാകുന്ന മോർട്ട്ഗേജു് ഡീഡ്സിനു സ്റ്റാമ്പുഡ്യൂട്ടികളിൽനിന്നു് എക്സംപ്ഷൻ കൊടുത്തിട്ടുണ്ടു്. അതു് ആവശ്യമില്ലെന്നു് ടാക്സേഷൻ എൻക്വയറിക്കമ്മിറ്റി ചൂണ്ടിക്കാണിച്ചിരുന്നതാണു്. സ്വാഗതാർഹമായ ആ നിർദ്ദേശവും ഗവണ്മെൻറു് സ്വീകരിക്കാതിരുന്നതു് എന്തുകൊണ്ടെന്നു് മനസ്സിലാകുന്നില്ല.

ടാക്സേഷൻ അഥവാ നികുതിവെട്ടിപ്പിനെക്കുറിച്ചു് പല ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെ പറയുകയുണ്ടായി. ആധാരം ഉണ്ടാക്കുന്ന അവസരത്തിൽ വസ്തുവിൻെറവില കുറച്ചുവച്ചുകൊണ്ടു് നികുതിവെട്ടിപ്പു നടത്തുന്നതു് പരക്കെ എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണു്. അതിനു ഒരു പരിഹാരമെന്നവണ്ണം ഈ ഗവണ്മെൻറു് എടുത്ത നടപടിയാണു് 1967—ലെ സ്റ്റാമ്പ്ആക്ടു് 45 (എ) വകുപ്പു. അതു് അനുസരിച്ചു്, രജിസ്റ്റാർക്കു് സംശയം തോന്നിയാൽ കളക്ടർക്കു് റിപ്പോർട്ടചെയ്തു് അന്വേഷണംനടത്തി നടപടിയെടുക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ടു്. എന്നാൽ അതനുസരിച്ചു് എവിടെയെങ്കിലും നടപടി നടന്നിട്ടുള്ളതായി ഇതുവരെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല, കളക്ടർ നടപടിയെടുക്കണമെങ്കിൽ അതിനു റൂംസ് വേണം. ആ

LIBRARY ARCHIVES Kerala Legislative Assembly

ട്രഷറി ഗവണ്മെന്റ് ആവിഷ്ക്കരിച്ചതായും അറിവില്ല. അഥവാ ട്രഷറി ആവിഷ്ക്കരിച്ചാലും കളക്ടർ അനുമതി കൊടുത്താലും ഈ പ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയില്ലെന്നാണ് എന്റെ വാദം. എനിക്ക് ഒരു നിർദ്ദേശമുണ്ട്. ഈ രാജ്യത്തെ ഭൂമി ആകെ തരംതിരിച്ച് സ്റ്റാൻഡർഡൈസ്ചെയ്ത് ഗവണ്മെന്റുതന്നെ വില നിശ്ചയിക്കണം. ആധാരത്തിൽ കാണിക്കുന്നവില എന്തായാലും സ്റ്റാൻഡാർഡ് വിലയുടെ അടിസ്ഥാനത്തിൽ സ്റ്റാമ്പുഡ്യൂട്ടി ചുമത്തണം. ഇതിനു വളരെ സമയം പിടിച്ചേക്കും. അതുകൊണ്ട് താൽക്കാലിക ഏർപ്പാടെന്നുള്ള നിലയിൽ ഇന്നുള്ള നിയമം നിലവിലിരിക്കട്ടെ എന്നുവയ്ക്കുകയും, ഒരു നിശ്ചിത കാലയളവിനുള്ളിൽ ഭൂമി മുഴുവൻ സ്റ്റാൻഡാർഡൈസ്ചെയ്ത് വില നിശ്ചയിക്കുകയുമാണ് വേണ്ടതു്. നമ്മുടെ ഇന്നത്തെ ലാൻഡ് ടാക്സ് തന്നെ അശാസ്ത്രീയമായ അടിസ്ഥാനത്തിലുള്ളതാണു്. ലാൻഡ് ടാക്സ് ക്യാപ്പിറ്റൽ വാല്യുവിന്റെ അടിസ്ഥാനത്തിലാക്കണം. അല്പം ബുദ്ധിമുട്ടുണ്ടായാലും സ്റ്റാൻഡാർഡൈസ് ചെയ്ത് ഭൂമിയുടെ വില നിർണ്ണയിക്കാൻ ഒരു സ്ഥിരം മെഷീനറിതന്നെ സംഘടിപ്പിക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

വക്കീലന്മാർകൂടിയായ ചില ബഹുമാനപ്പെട്ട മെംബർമാർ, കോടതിയിൽ സമർപ്പിക്കുന്ന രേഖകൾക്കു് റേറ്റു് കുറയ്ക്കണമെന്നുപറഞ്ഞു. അതിന്റെ വിശദാംശങ്ങളിലേക്കു പോകാതെ ഒരു കാര്യം എനിക്കു് ചൂണ്ടിക്കാണിക്കാനുണ്ടു്: പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരുതത്വമുണ്ടു്. കോടതികൾ നിലനിർത്തുന്നതിനുള്ള ചെലവെങ്കിലും കോടതിയിൽവരുന്ന കക്ഷികളിൽനിന്നു് ലഭിക്കണമെന്നുള്ളതാണു് ആ തത്വം. പല പരിഷ്കൃതരാജ്യങ്ങളും ഈ തത്വം അംഗീകരിച്ചിട്ടുമുണ്ടു്. ചില കണക്കുകൾ പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻകഴിഞ്ഞതു്, 1968–69–ൽ 163 ലക്ഷം രൂപ കോടതികൾക്കുവേണ്ടി സംസ്ഥാനഗവണ്മെന്റിനു് ചെലവായപ്പോൾ വരവു് 94 ലക്ഷം രൂപ മാത്രമായിരുന്നു എന്നാണു്. വരവു്, ചെലവിന്റെ ഏതാണ്ടു് പകുതിയിൽ സ്വല്പം മുകളിൽ മാത്രമേ വരുന്നുള്ളൂ. മറ്റു പല സംസ്ഥാനങ്ങളിലും ഉള്ള സ്ഥിതിയുമായി തട്ടിച്ചുനോക്കുമ്പോൾ ഇതു തൃപ്തികരമാണെന്നു പറയാൻ നിവൃത്തിയില്ല.

ഒരുകാര്യംകൂടി പറഞ്ഞു ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ചിട്ടിയുടെ കാര്യത്തിൽ ഈ ബില്ലിലെ നിർദ്ദേശം ടാക്സേഷൻ എൻക്വയറിക്കമ്മിറ്റി പറഞ്ഞിട്ടുള്ളതിൽനിന്നു് അല്പം വ്യത്യസ്തമാണു്. മലബാറിലെയും തിരുവിതാംകൂർ–കൊച്ചി പ്രദേശത്തെയും നിയമങ്ങൾ ഏകീകരിക്കണമെന്നും, 3 ക. എന്നുള്ള സ്റ്റാമ്പുനിരക്കു് 1000 രൂപയ്ക്കു 5 ക. എന്നും തുടർന്നുള്ള ഓരോ ആയിരം ക.യ്ക്കും 5 ക. വീതം എന്നും ആക്കണമെന്നും ടാക്സേഷൻ എൻക്വയറിക്കമ്മിറ്റി നിർദ്ദേശിച്ചിരുന്നതു് സ്വീകരിക്കാതെ 3 ക. യായിത്തന്നെ നിജപ്പെടുത്തിയിരിക്കുകയാണു്. ഈ വകുപ്പു് പരിഷ്ക്കരിക്കണമെന്നും പാവപ്പെട്ടവർക്കു് കഴിയുന്നത്ര സഹായം ചെയ്തുകൊടുത്തുകൊണ്ടു് കഴിവുള്ളവരിൽനിന്നു് കൂടുതൽ നികുതി ഈടാക്കാനുള്ള സാദ്ധ്യതകളെപ്പറ്റി ആലോചിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ധനകാര്യമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : സർ, സ്റ്റാമ്പ ബില്ല സെലക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതി സ്വീകാര്യമല്ലെന്ന ഈ സഭയെ അറിയിക്കുകയാണു്. കാരണം, ചില ബഹുമെമ്പർമാർ പറഞ്ഞതുപോലെ ഇതൊരു ഓർഡിനൻസ് നിയമമാക്കാനുള്ള ബില്ലാണു്. ഈ നിയമസഭാ സമ്മേളനത്തിൽതന്നെ പാസ്സാക്കേണ്ടതാണു്. കഴിഞ്ഞപ്രാവശ്യം ബഡ്ജറ്റവതരണവേളയിൽ ടാക്സേഷൻ ബിൽ സംബന്ധിച്ചു് ചർച്ചചെയ്തപ്പോൾ നാം അംഗീകരിച്ച തത്വമാണു് ബില്ലിലുള്ളതു്. ആ നിലയിൽ, ഓർഡിനൻസ് എന്ന നിലയിൽ നിശ്ചിതകാലത്തിനകം പാസ്സാക്കേണ്ടതാകയാൽ ഇതു സെലക്ട് കമ്മിറ്റിക്കയയ്ക്കാൻ സാദ്ധ്യമല്ലെന്നുള്ളകാര്യം ഖേദപൂർവ്വം സഭയെ അറിയിക്കുകയാണു്. ഇവിടെ നടന്ന ചർച്ചകളിൽ പാവപ്പെട്ടവരെയും വലിയവരെയും അതുപോലെതന്നെ വിവിധ വശങ്ങളെയും പരാമർശിച്ചു സംസാരിക്കുകയുണ്ടായി. സ്റ്റാമ്പു കിട്ടാത്തതിനെസംബന്ധിച്ചും, കൂടുതൽ വിലയ്ക്കു സ്റ്റാമ്പു വാങ്ങേണ്ടതായി വരുന്ന സാഹചര്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

പ്പററിയും, അവർ വാല്യുവേഷനെക്കുറിച്ചും, രജിസ്ട്രേഷനെസംബന്ധിച്ചുംമറും പലരും സംസാരിക്കുകയുണ്ടായി. ടാക്സേഷൻ എൻക്വയറി കമ്മിററി റാക്സ് റാഷണലൈസേഷനെപ്പററി നൽകിയിരുന്ന നിർദ്ദേശം ഗവണ്മെൻറു അതുപോലെ തന്നെ അംഗീകരിച്ചിട്ടുണ്ട്; യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. അതിനെ സംബന്ധിച്ചിടത്തോളം അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറു പരിശോധിച്ചതിനുശേഷം, ഫൈനാൻസു വകുപ്പും പരിശോധിച്ചിട്ടാണു് റാഷണലൈസേഷൻ ഒരു വ്യത്യാസവും കൂടാതെ അംഗീകരിച്ചതു്.

ടാക്സേഷൻ കമ്മിററിയുടെ തലയിൽ ഒന്നും ഇല്ലെന്ന അർത്ഥത്തിൽ ചില സൂചനകളും ഉണ്ടായതു ശരിയല്ല. കമ്മിററിയംഗങ്ങളാ, സർവ്വശ്രീ: തവരാജ്, ആർ. ശങ്കർ, സി. അച്യുതമേനോൻ, കെ. ചന്ദ്രശേഖരൻ എന്നിവരായിരുന്നു. വിദഗ്ദ്ധമായ രീതിയിൽതന്നെ ടാക്സേഷൻകമ്മിററി തെളിവെടുത്തതിനുശേഷം അതിൻെറ വിവിധവശങ്ങളെസംബന്ധിച്ചു ചർച്ചചെയ്തിട്ടുണ്ടു്. ഡിപ്പാർട്ടുമെൻറിൽനിന്നു തെളിവുശേഖരിച്ചു, പൊതുജനങ്ങളിൽനിന്നു തെളിവെടുത്തു, റിക്കാർഡുകളും പരിശോധിക്കുകയുംചെയ്തു. ഇതെല്ലാം കഴിഞ്ഞതിനുശേഷമാണു് അവർ റിപ്പോർട്ടു സമർപ്പിച്ചതു്. അതിനുശേഷം പ്രായോഗികമായ പ്രയാസങ്ങളും എന്തെല്ലാമെന്നു ഡിപ്പാർട്ടുമെൻറു പരിശോധിക്കുകയുണ്ടായി. ഈ നടപടികളെല്ലാം കഴിഞ്ഞതിനുശേഷമാണു് ഈ റാഷണലൈസേഷൻ സ്കീം ഗവണ്മെൻറു അംഗീകരിച്ചതു്.

പിന്നെ ഒന്നു പറയാനുള്ളതു് എക്സംപ്ഷനെപ്പററിയാണു്. നിലവിലിരുക്കുന്ന സ്റ്റാമ്പുനിയമത്തിൽ ഗവണ്മെൻറിനു് നോട്ടിഫൈചെയ്തു എക്സംപ്റുചെയ്തിരുന്നതായി സെക്ഷൻ 9 (1)—ൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. സ്റ്റാറ്റ്യൂട്ടറിയായിട്ടു് എക്സംപ്റു ചെയ്യാവുന്നവ കഴിഞ്ഞു് മറു എല്ലാ എക്സംപ്ഷനും എടുത്തുകളയണമെന്നു കമ്മിററി ശുപാർശ ചെയ്തു. അതിൽ ഷെഡ്യൂളിനു് ഉള്ള 22—27—54 എന്നിവ ഒഴിച്ചു ബാക്കി ശുപാർശകളും ഗവണ്മെൻറു് അംഗീകരിച്ചിരിക്കുകയാണു്. പ്രായോഗികമായ ബുദ്ധിമുട്ടുകൾ കൊണ്ടാണു് എക്സംപ്ഷൻ 22—27—54 വേണം എന്നു വെച്ചതു്. ഉദാഹരണമായി 27—ാം ഐറം വക്കീലന്മാരുടെ എൻറോൾമെൻറു ഫീസിനെസംബന്ധിച്ചിടത്തോളം ഇതിലെ എക്സംപ്ഷൻ ഹൈക്കോടതി മുതൽ വലിൽ ഉള്ള കൂളിനു വിരുദ്ധമായിവരും. നിയമത്തിൽ അങ്ങനെ ഹൈക്കോടതി മുതൽവലിനു വിരുദ്ധമായിവരുതിരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ടു്. വളരെ സൂക്ഷ്മമായി പരിശോധിച്ചതിനുശേഷമാണു് ഗവണ്മെൻറു് ഇതു കൊണ്ടുവന്നിട്ടുള്ളതു്.

പിന്നെ നിയമസഭയുടെ എല്ലാഭാഗത്തുനിന്നും ഒരു അഭിപ്രായമുണ്ടായി; അഡ്വക്കേറുമാർ സംഘടിതമായിട്ടു് പറഞ്ഞു. സത്യവാങ്മൂലത്തിനുള്ള ഡ്യൂട്ടിവേണ്ടായെന്നു് നിയമസഭയിൽ പൊതുവെ എതിർപ്പുണ്ടായ സ്ഥിതിക്കു് അതു്. അതായതു് ഐറം നാലുവേണ്ടെന്നു വെയ്ക്കുകയാണു്. (ശ്രീ, കരുണാകരൻ ഇരുന്നു തലയാട്ടുന്ന സ്ഥിതിക്കു് അതിൽ എതിർപ്പുണ്ടാകുകയില്ലെന്നാണു വിശ്വസിക്കുന്നതു്.) മറുള്ള സംഗതികളെക്കുറിച്ചു വളരെ വിശദമായിട്ടു സംസാരിക്കണമെന്നില്ല.

അണ്ടർവാല്യുവേഷനെസംബന്ധിച്ചു് രജിസ്ട്രാർക്കാണു അതിനു് അധികാരം കൊടുത്തിരിക്കുന്നതു്. വലിയതോതിലൊന്നും അണ്ടർവാല്യുവേഷൻ നടക്കുന്നില്ല എന്നു് ശ്രീ. എം. കെ. എ. ഹമീദ സംസാരിക്കുകയുണ്ടായി. കൂടുതൽ ഫലപ്രദമായ രീതിയിൽ തടയുന്നതിനു് എന്തെങ്കിലും മെഷിനറി ഉണ്ടാക്കാമോ എന്നു പരിശോധിക്കാം. രജിസ്ട്രാരെകൂടാതെ കളക്ടരും അണ്ടർവാല്യുവേഷനെസംബന്ധിച്ച കാര്യങ്ങളിൽ നടപടി എടുക്കുന്നതായിട്ടാണു് എനിക്കു അറിയാൻ കഴിഞ്ഞിട്ടുള്ളതു്, ചില കേസുകളും മന്ത്രിയുടെ അടുത്തുതന്നെ വന്നിട്ടുണ്ടു്. ശിക്ഷയിൽനിന്നും (പ്രോസിക്യൂഷൻ നടപടിയിൽനിന്നും) ഒഴിവാക്കിയാൽ പണം കൊടുക്കാമെന്ന രീതിയിൽ ചില അപേക്ഷകളും എൻെറ മുമ്പിൽ സമർപ്പിച്ചതായിട്ടാണു് ഓർമ്മ. വളരെ

LIBRARY ARCHIVES Kerala Legislative Assembly

വിരളമായി അണ്ടർവാല്യുവേഷൻ നടപടികളും നടക്കുന്നുണ്ട്. പക്ഷെ അതിനു വേണ്ടി ഈ ബില്ലിൽ എന്തെങ്കിലും ഉൾക്കൊള്ളിക്കാൻ സാധ്യമല്ല. രജിസ്ട്രേഷൻ മാന്വലും മറ്റും പരിശോധിച്ചിട്ട് വേണ്ടതുചെയ്യാം.

പിന്നെ ബഡ്ജറ്റ് ഡിസ്കഷൻ സമയത്തു പറയേണ്ട ചില കാര്യങ്ങളും ഇവിടെ പരാമർശിക്കപ്പെട്ടിട്ടുണ്ട്. സ്റ്റാമ്പ കിട്ടുന്നില്ല. ആ പരാതി ശരിയാണ്. പക്ഷേ അതും ഈ നിയമവുമായിട്ട ബന്ധമില്ല. ഈ ഗവണ്മെന്റ് വരുന്നതിനു മുൻപുമുതൽ ഇതുതന്നെ നമ്മുടെ സ്ഥാനത്തിലെ ആവശ്യങ്ങൾക്കുള്ള Stamp Central Government തരികയാണ്. സെൻട്രൽ ഗവണ്മെന്റ് സ്റ്റാമ്പ അടിച്ചു വിതരണം ചെയ്തിരുന്നതു നാസിക്കു പ്രസ്സിൽനിന്നാണ്. നമുക്കു അങ്ങനെ കിട്ടുന്ന സ്റ്റാമ്പ മതിയാകാതെ വരുമ്പോൾ ഗവണ്മെന്റ് ഇവിടത്തെ സ്റ്റാമ്പുപ്രസ്സിൽ ചിലപ്പോൾ അടിക്കാറുണ്ട്. നിയമസഭയുടെ പല ഭാഗത്തുനിന്നും ഈ ബില്ലിലെ പല വ്യവസ്ഥകളെസംബന്ധിച്ചിടത്തോളം വിദഗ്ധമായ രീതിയിൽ അഭിപ്രായപ്രകടനം നടത്തിയകൂട്ടത്തിൽ ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ പറയുകയുണ്ടായി ഇതു് കർഷകരെ ദ്രോഹിക്കാനുള്ള ഒരു ബില്ലാണെന്ന്. അതു ശരിയല്ല. പാവപ്പെട്ടവരെ ദ്രോഹിക്കാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണിതു് എന്നു പറയുന്നതിനോടു യോജിക്കാൻ നിവൃത്തിയില്ല. സ്റ്റാമ്പുഡ്യൂട്ടി സാധാരണ കൊടുക്കുന്നതു ആരാണെന്നു നമുക്കറിയാം. വളരെ വിദഗ്ദ്ധമായി പരിശോധനകളും നടത്തിയതിനുശേഷമാണ് കമ്മിറ്റി ഇതു തയ്യാറാക്കിയിട്ടുള്ളതു്. പാവക്കാരെയോ പാക്കറ്റടിക്കാരെയോ സഹായിക്കാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലല്ല ഇതു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : 100 രൂപാവരെയുള്ള ഇടപാടുള്ളവരെ ഇതിൽ നിന്നു് ഒഴിവാക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : 100 രൂപാ കടംകൊടുക്കുന്നയാളും പണക്കാരനാണെന്നോ, 100 രൂപാ കടംവാങ്ങുന്നയാളും പാവപ്പെട്ടവനാണെന്നോ ഉള്ള ധാരണ ശരിയായിരിക്കുകയില്ല.

ശ്രീ. എസ്. ദാമോദരൻ : ഒരുലക്ഷം രൂപയുടെ ഇടപാടുനടത്തുമ്പോൾ 10 ശതമാനം ഡ്യൂട്ടി ചുമത്താമോ ?

ശ്രീമതി കെ. ആർ. ഗൗരി : അതിന്റെ രീതി എങ്ങനെവേണമെന്നു പിന്നീടു് ആലോചിക്കാം.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : 100 രൂപാ കടംവാങ്ങുന്ന ഒരാളിന്റെ മേൽ നികുതി ചുമത്തുന്നതു പാവപ്പെട്ടവരെ ദ്രോഹിക്കയല്ലേ ?

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ മുൻപു പറഞ്ഞതുപോലെ 100 രൂപാ വാങ്ങുന്നവർ എല്ലാം പാവപ്പെട്ടവരാണെന്നോ അതുകൊടുക്കുന്നവരെല്ലാം പണക്കാരാണെന്നോ ഉള്ള ധാരണ ശരിയല്ല. സ്റ്റാമ്പുഡ്യൂട്ടി നിശ്ചയിക്കുന്നതു പണക്കാർക്കു ഇത്ര, പാവപ്പെട്ടവർക്കു ഇത്ര എന്ന തോതിലല്ല. ഇന്നയാൾക്കു എന്ന മാനദണ്ഡത്തിലല്ല ഡ്യൂട്ടി നിശ്ചയിക്കുന്നതു്. മോർട്ടഗേജോ വേറേ എതെങ്കിലും ഡാക്യുമെന്റുകളോ എക്സിക്യൂട്ടുചെയ്യുമ്പോഴും ഇന്നതുകയ്ക്കു നികുതി ഇത്ര എന്നു നിശ്ചയിക്കുകയാണു ചെയ്യുന്നതു്. സെക്ഷൻ 9–ൽ അതു വ്യക്തമായി പറയുന്നുണ്ട്.

ശ്രീ. എസ്. ദാമോദരൻ : പണക്കാർക്കു വൻപിച്ച തോതിൽ സൗജന്യം സ്റ്റാമ്പുഡ്യൂട്ടിയിനത്തിൽ അനുവദിക്കുന്നതിനെ നിയന്ത്രിക്കാൻ വകുപ്പു് ഇതിൽ ചേർക്കാമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഇതിലെ 9–ാം സെക്ഷൻ ഞാൻ വായിക്കാം,

LIBRARY ARCHIVES Kerala Legislative Assembly

9. Power to reduce, remit or compound duties :—(1) The Government may, by order published in the Gazette:

(a) Reduce or remit, whether prospectively, or retrospectively in the whole or any part of the State of Kerala, if in the opinion of the Government it is necessary in public interest so to do, the duties with which any particular class of instruments, or any of the instruments belonging to such class, or any instruments when executed by or in favour of any particular class or persons, or by or in favour of any members or such class, are chargeable, and

(b) Provide for the composition and consolidation of duties in the case of issues by any incorporated company or other body corporate of bonds or other marketable securities other than debentures.

(2) Every rule or order published under clause (a) of sub-section (1) shall be laid, as soon as may be after it is published, before the Legislative Assembly.

ഇതിൽ ഗവണ്മെന്റു ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നോട്ടിഫിക്കേഷൻ ഇഷ്യു ചെയ്തിട്ടുണ്ടു്. അതിൽ ഒന്നാണു് പട്ടികജാതിക്കാർക്കുള്ള എക്സംപ്ഷൻ അങ്ങനെ പട്ടികജാതിക്കാരെ ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടു്. അതുപോലെതന്നെ ഇരുശതമാനം തൊഴിലാളികളും ഉള്ള കോവാപ്പറേറീവുസൊസൈറിറികളെ ഒഴിവാക്കാനുള്ള വകുപ്പുകളും ഉണ്ടു്.

ശ്രീ. എസ്. ദാമോദരൻ: ശ്രീ. വി. ഓ. വക്കനെ ഒഴിവാക്കിയിട്ടുള്ളതോ? വക്കനു് ഈ ഡിപ്പാർട്ടുമെന്റു് ഒഴിവു കൊടുത്തിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: അതു എക്സംപ്ഷനല്ല. ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം രണ്ടുമൂന്നു സൊസൈറിറികൾക്കു ഒഴിവു കൊടുത്തിട്ടുണ്ടു്. അതു ഒന്നു് ആലപ്പുഴ സൈക്കിം റിം സൊസൈറിക്കാണു്. അല്ലാതെ പ്രത്യേകമായിട്ടു് ഒരു വ്യക്തിക്കു സെക്ഷൻ പ്രകാരം യാതൊരു എക്സംപ്ഷനും കൊടുത്തിട്ടില്ല. പിന്നെ വക്കനു് കൊടുത്തതു സെക്ഷൻ 30 പ്രകാരമാണു് സെക്ഷൻ 30 ഞാൻ വായിക്കാം.

Section 30:

Duties by whom payable:— In the absence of an agreement to the contrary, the expense of providing the proper stamp shall be borne:—

(a) in the case of any instrument described in any of the following Articles of the Schedule, namely:

No. 2 (Administration Bond)

No. 6 (Agreement relating to deposit of title deeds, pawn or pledge)

No. 54

by the person drawing, making or executing such instruments;

(b) in the case of a conveyance (including a reconveyance of mortgaged property) by the grantee; in the case of a lease or agreement to lease by the lessee or intended lessee;

LIBRARY ARCHIVES Kerala Legislative Assembly

(c) in the case of a counterpart of lease by the lessor;

(d) in the case of an instrument of exchange by the parties in equal shares;

(e) in the case of a certificate of sale by the purchaser of the property to which such certificate relates, and

(f) in the case of an instruments of partition

അങ്ങോട്ടും ഇങ്ങോട്ടും കൊടുക്കുന്നതിനുവേണ്ടി ഒരു എഗ്രിമെൻറുണ്ടാക്കുമെന്നാണു് പറയുന്നതു്. രണ്ടു പാർട്ടീസു് വരുമ്പോഴും ഒരു പാർട്ടി മുഴുവൻ തന്നുകൊള്ളാമെന്നു എഗ്രിമെൻറു് ചെയ്താൽ മറേറ പാർട്ടിക്കു് ഒഴിവാക്കുക എന്ന എഗ്രിമെൻറാണുള്ളതു്. അങ്ങനെയാണു് വക്കനു കൊടുത്തിട്ടുള്ളതു്. അതു് വ്യവസ്ഥയനുസരിച്ചു ചെയ്തതാണു്. വക്കനു കൊടുക്കേണ്ടതു ഗവണ്മെൻറു കൊടുത്തുകൊള്ളാമെന്നു് ആ ഡിപ്പാർട്ടുമെൻറു ഏറെറടുത്തിരിക്കുകയാണു്. അതു സെക്ഷൻ 30 പ്രകാരമാണു്. അതുപോലെ വളരെ വിശദമായി നോക്കാതെ ഇതുപോലുള്ള ഭേദഗതികളും കൊണ്ടുവരികയാണെങ്കിൽ ലീഗലായിട്ടും അഡ്മിനിസ്ട്രേറീവായിട്ടും ഉള്ള വിഷമതകളും വരും. ഭൂരിപക്ഷാഭിപ്രായം ബഹുമാനിച്ചുകൊണ്ടു അഫിഡവിറു ഒഴിവാക്കണമെന്നതു അംഗീകരിക്കുകയാണു് ഐറനം നാലു വിട്ടുകളയുകയാണു്. ഈ ബില്ലു് പരിഗണനക്കെടുക്കുമെന്ന പ്രമേയം പാസ്സാക്കാൻ സഭയോടു അഭ്യർത്ഥിക്കുകയാണു്.

ശ്രീ. എം. കെ. എ. ഹമീദു്: ഫാറസ്റ്റു് പ്രോഡ്യൂസു് കളക്ടു ചെയ്യുന്ന കൺട്രാക്ടറന്മാരേയും ഗവണ്മെൻറിൽനിന്നും കടം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരേയും ഒഴിവാക്കണമെന്ന ടാക്സേഷൻ എൻക്വയറി കമ്മറിയുടെ ശുപാർശയിൽ 270—ാം പേജിൽ പറഞ്ഞിട്ടുള്ളതു സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: അതു നോക്കിയിട്ടില്ല. ഫാറസ്റ്റു് പ്രൊഡ്യൂസിനെ സംബന്ധിച്ചു എക്സംപ്ഷൻ നൽകുന്നതു് സ്റ്റാട്ട്യൂട്ടറിയാണോ അതോ 9 (1) പ്രകാരമാണോ കൊടുക്കേണ്ടതു എന്നു പരിശോധിച്ചുനോക്കിയിട്ടില്ല.

The amendment moved by Shri E. Chandrasekharan Nair was, by leave, withdrawn.

The question that the Kerala Stamp (Amendment) Bill, 1969 be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 to 5

The question that Clauses 2 to 5 stand part of the Bill was put and carried.

Clauses 2 to 5 were added to the Bill.

Clause 6

Revenue Minister (**Smt. K. R. Gouri**): Sir, I move the following amendment:

In the schedule proposed to be substituted by the Clause, in Article 4

(i) The proviso shall be omitted;

LIBRARY ARCHIVES Kerala Legislative Assembly

(ii) Under the heading "Exemptions," clause (b) shall be re-lettered as clause (c) and before that clause, the following clause shall be inserted, namely:—

"(b) for the immediate purpose of being filed or used in any court or before the Officer of any court; or"

The amendment was put and carried.

The question that Clause 6, as amended ,stands part of the Bill was put and carried.

Clause 6, as amended, was added to the Bill

Clause 7

The question that Clause 7 stands part of the Bill was put and carried.

Clause 7 was added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Smt. K. R. Gouri: Sir, I move that the Kerala Stamp (Amendment) Bill, 1969 be finally passed.

Health Minister (**Shri B. Wellingdon**): Sir, I second it.

The question that the Kerala Stamp (Amendment) Bill, 1969 be finally passed was put and carried.

The Bill was finally passed.

KERALA APPROPRIATION (No. 5) BILL, 1969

Revenue Minister (Smt. K. R. Gouri): Sir, I introduce the Kerala Appropriation (No. 5) Bill, 1969.

Deputy Speaker: The Bill stands introduced.

Revenue Minister (**Smt. K. R. Gouri**): Sir, I move that the Kerala Appropriation (No. 5) Bill, 1969 be taken into consideration.

Health Minister (**Shri B. Wellingdon**): Sir, I second it.

ശ്രീ. അലക്കുണ്ടർ പാമ്പിത്തറ: സർ, ഞാൻ ഈ സഭയിൽ ഒന്നരണ്ട കാര്യങ്ങൾ മാത്രം പ്രതിപാദിക്കുവാനാണു് ഈ സന്ദർഭത്തിലാഗ്രഹിക്കുന്നതു്. വിദ്യാഭ്യാസ വിഷയത്തിൽ ആശാൻ മെമ്മോറിയൽ സ്കൂൾ സ്ഥാപിക്കുന്നതിനു് ഒരു തുക

LIBRARY ARCHIVES Kerala Legislative Assembly